# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 24, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--285]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി | : 2671 മുതൽ 2752 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 2753 മുതൽ 2802 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 2803 മുതൽ 2881 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 2882 മുതൽ 2955 വരെ |

**<u>പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീട് നിർമ്മാണം</u>**

2671 **ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള വീട് നിർമ്മാണം/പുനരുദ്ധാരണം, സ്മാർട്ട് പഠനമുറി നിർമ്മാണം എന്നിവ സ്വന്തമായി നടത്തുന്ന സമയത്ത് പ്രാദേശിക കോൺട്രാക്ടർമാർ ഇവരെ ബന്ധപ്പെട്ട് ധനസഹായം കൈപ്പറ്റിയ ശേഷം നിർമ്മാണം നടത്താത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന് പരിഹാരമായി പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ രജിസ്റ്റേഡ് സൊസൈറ്റികൾ മുഖാന്തരം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും ഭൂമിയ്ക്കായുള്ള അപേക്ഷകൾ</u>**

2672 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും ഭൂമിയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചെന്നും എത്ര പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ഭവന രഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് വീട് അനുവദിച്ചു എന്ന് പഞ്ചായത്ത് തിരിച്ച്

വ്യക്തമാക്കാമോ;

(സി) അനുവദിച്ച വീടുകളിൽ എത്ര വീടുകളുടെ നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചെന്നും എത്ര വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നുവെന്നും അറിയിക്കാമോ?

**<u>വാമനപുരം മണ്ഡലത്തിലെ 'സേഫ്' പദ്ധതി</u>**

2673 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള വീട് മെയിന്റനൻസ് പദ്ധതിയായ 'സേഫ്' പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ വാമനപുരം മണ്ഡലത്തിൽ അനുവദിച്ച വീടുകളുടെ എണ്ണവും, ആയതിനായി ചെലവാക്കിയ തുകയും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

**<u>ഒറ്റപ്പാലം മണ്ഡലത്തിലെ ഭൂരഹിത പുനരധിവാസ പദ്ധതി</u>**

2674 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് നാളിതുവരെ ഭൂമി കണ്ടെത്തി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>കായംകുളം മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ധനസഹായം</u>**

2675 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കായംകുളം മണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങൾക്കാണ് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും എത്ര രൂപയാണ് ഇതിനായി അനുവദിച്ചിരുന്നതെന്നും വിശദമാക്കാമോ; പഞ്ചായത്തുകൾ, നഗരസഭ തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണം</u>**

2676 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏത്ര കുടുംബങ്ങൾക്ക് 2020-2021 മുതൽ ഇതുവരെ ഭവനനിർമ്മാണത്തിനും, ഭൂരഹിതരായവർക്ക് ഭൂമി വാങ്ങുന്നതിനും തുക അനുവദിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**<u>പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണം</u>**

2677 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവയ്ക്ക് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) വീട് നിർമ്മിക്കാൻ സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങാൻ ധനസഹായ പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>പട്ടികജാതി വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളുടെ സമഗ്ര വികസനം</u>**

2678 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഏറ്റവും ദുർബല വിഭാഗങ്ങളുടെ ആപേക്ഷിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതികൾ നടപ്പിലാക്കേണ്ട സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് 'ഹോം' എന്ന പേരിൽ നടപ്പിലാക്കുന്ന മൈക്രോ പ്ലാനിങ് പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(സി) ഏറ്റവും ദുർബല പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിനുവേണ്ടി കൃഷിഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കിയ വിവിധ തൊഴിലധിഷ്ഠിത പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ;

(ഇ) ഹോം പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ പ്രവർത്തന പുരോഗതി കാലാനുസൃതമായ വിശകലനത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കോതമംഗലം മണ്ഡലത്തിലെ ഐശ്വര്യഗ്രാമം പദ്ധതി</u>**

2679 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി ഉന്നതികളിലാണ് ഐശ്വര്യ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി കൂടതൽ ഉന്നതികളിൽ നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>വർക്കല മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>**

2680 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ,

പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര നഗറുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഓരോ നഗറുകൾക്കും അനുവദിച്ചിട്ടുള്ള തുകയെത്രയെന്നും, അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ?

## അംബേദ്കർ ഉന്നതി പദ്ധതി

2681 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഉന്നതി പദ്ധതി പ്രകാരം അനുവദിക്കുന്ന ഒരു കോടി രൂപയിൽ ഉന്നതിയിലെ മെച്ചപ്പെടുത്തലിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഉന്നതിയിലെ വീടുകളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തപ്പെടുന്നതെന്ന് വിശദമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2682 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കോട്ടക്കൽ മണ്ഡലത്തിലെ എത്ര നഗറുകളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഓരോ നഗറിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും അറിയിക്കാമോ; നിലവിൽ എത്ര നഗറുകളിൽ പദ്ധതി പൂർത്തിയായെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തീകരിക്കാത്ത നഗറുകളിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഏതെങ്കിലും പ്രവൃത്തികളിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ആദിവാസി കുടുംബങ്ങളുടെ വനാവകാശ നിയമപ്രകാരമുള്ള പുനരധിവാസം

2683 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം ലഭിക്കേണ്ട ഭൂമി അനുവദിച്ച നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിലെ അരേക്കാപ്പ്-വീരാങ്കുടി ആദിവാസി ഉന്നതിയിൽ നിന്നും മാറി കോടശ്ശേരി വില്ലേജിലെ മാതംകോട് കുടിൽകെട്ടി താമസിച്ചുവരുന്ന നാൽപ്പതിലധികം വരുന്ന കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) മുകുന്ദപുരം, ചാലക്കുടി താലൂക്കുകളിൽ ഉൾപ്പെടുന്ന വിവിധ ഉന്നതികളിൽ കാലങ്ങളായി താമസിച്ചുവരുന്ന മുഴവൻ ആദിവാസി കുടുംബങ്ങൾക്കും പട്ടയവും വനാവകാശ നിയമപ്രകാരമുള്ള ഭൂമിയും ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലെ ഉന്നമനം

2684 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മലവേട്ടുവ ഉന്നതികളുടെ സമഗ്ര പുനരധിവാസത്തിനോ, വികസനത്തിനോ ഉള്ള പ്രത്യേകം പദ്ധതികൾ നിലവിലുണ്ടോ;വിശദമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലെ ഉന്നമനത്തിനായി ഏതൊക്കെ പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കാമോ?

## കല്ലൂട്ട്കുന്ന് ഉന്നതിയിലെ റോഡ് നിർമ്മാണം

2685 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കല്ലൂട്ട് കുന്ന് ഉന്നതിയിലെ റോഡ് നിർമ്മാണത്തിന് സർക്കാർ ഫണ്ട് അനുവദിച്ചിരുന്നോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഉന്നതിയിലേയ്ക്ക് റോഡ് നിർമ്മിക്കുവാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത ഏജൻസി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) കല്ലൂട്ട് കുന്ന് കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന് എന്താണ് തടസ്സമെന്നും റോഡ് നിർമ്മിക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസി ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2686 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മഞ്ചേശ്വരം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## വനാവകാശ നിയമം

2687 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം ഇതു വരെ എത്ര ഏക്കർ ഭൂമി വ്യക്തിഗത വനാവകാശമായി നൽകിയെന്ന് വ്യക്തമാക്കാമോ; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) വനാവകാശ നിയമപ്രകാരം ഭൂമിക്ക് അർഹരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നിലവിൽ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; വനാവകാശ രേഖകൾ ലഭിച്ചിട്ടും ഭൂമി കൈവശം വെക്കാൻ കഴിയാത്ത എത്ര കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്; ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) വനാവകാശ നിയമ പ്രകാരം ഏറനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചു; അവയിൽ എത്ര ആളുകൾക്ക് ഭൂമി കൈമാറി; ഇനിയും എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; വിശദാംശം നൽകുമോ?

## ഉന്നത സർക്കാർ സർവീസുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം

2688 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവീസ് പോലെയുള്ള ഉന്നത സർക്കാർ സർവീസുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരുടെ പ്രാതിനിധ്യം കുറവാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സിവിൽ സർവീസ് പോലുള്ള പരീക്ഷകളിൽ വിജയം നേടാൻ പ്രാപ്തരാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്കൂൾ തലം മുതൽ തന്നെ കുട്ടികൾക്ക് ഇത്തരം പരീക്ഷകളിൽ പങ്കെടുക്കാൻ പ്രാപ്തമാക്കുന്ന സമഗ്രമായ കർമപദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുമോ; വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

2689 **ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പ് പദ്ധതികളിൽ അപേക്ഷകരുടെ എണ്ണം, അനുവദിച്ചവരുടെ എണ്ണം, അർഹതയുണ്ടായിട്ടും ലഭിക്കാതെ പോയവരുടെ എണ്ണം എന്നിവ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പ് പദ്ധതികളിൽ ഓരോ വർഷവും വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക, ബാക്കിയായ തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) അപേക്ഷകൾ സമയത്ത് പ്രോസസ് ചെയ്യാത്തതുമൂലം പല അപേക്ഷകർക്കും സ്കോളർഷിപ്പ് നഷ്ടമായ സാഹചര്യം ഈ കാലയളവിൽ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏറ്റവും പരിഗണന അർഹിക്കുന്ന ഈ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നഷ്ടപ്പെടാനിടയാക്കിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകൾ</u>

2690 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം മുടങ്ങിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എത്ര കാലത്തെ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

## <u>സ്റ്റൈപ്പെൻഡ് ദുരുപയോഗം തടയാൻ നടപടി</u>

2691 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ പഠന വൈകല്യങ്ങൾ ഇല്ലാത്ത കുട്ടികൾക്കും പത്താം ക്ലാസ് തലത്തിൽ വരെ സ്റ്റൈപ്പെൻഡ് ലഭിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിജസ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം അനർഹമായി സ്റ്റൈപ്പെൻഡ് സഹായം ലഭിച്ച വിദ്യാർത്ഥികൾ പ്ലസ് വൺ മുതൽ തുടർപഠനം നടത്തുമ്പോൾ പ്രസ്തുത സേവനം ലഭിക്കാത്തതിനാൽ കൊഴിഞ്ഞുപോക്ക് ധാരാളമായി സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ അർഹരായവർക്ക് മാത്രം സ്റ്റൈപ്പെൻഡ് അനുവദിക്കുന്നതിന് ഡി.എം.ഒ തലത്തിൽ തീരുമാനമെടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>പ്രൈവറ്റ് അക്കോമഡേഷൻ വ്യവസ്ഥയിൽ താമസിക്കുന്ന വിദ്യാർത്ഥികൾ</u>

2692 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് അക്കോമഡേഷൻ വ്യവസ്ഥയിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്ന പ്രതിമാസ തുക വർദ്ധിപ്പിക്കുന്നതിന് നം.2/372/2022/ എസ്.സി.എസ്.റ്റി. (കമ്പ്യൂട്ടർ നം.9571408) ഫയലിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അക്കാദമിക് അലവൻസുകളുടെ വർദ്ധനവിനായി ആവശ്യമായ അധിക സാമ്പത്തിക ബാധ്യത നം.2/372/2022/എസ്.സി.എസ്.റ്റി. ഫയലിൽ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും ധനവകുപ്പിന്റെ അഭിപ്രായവും എന്താണ്; വിശദമാക്കാമോ;

(സി) നം.2/372/2022/എസ്.സി.എസ്.റ്റി. (കമ്പ്യൂട്ടർ നം.9571408) ഫയലിൽ പരാമർശിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട്, നിലവിൽ അനുവദിച്ചുവരുന്ന അക്കാദമിക് അലവൻസുകളുടെ നിരക്കുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് സമർപ്പിച്ച എസ്.സി.ഡി.ഡി./3401/2022-31 (എൽ.ഡി.എൻ. ബി.) നമ്പർ കത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ശിപാർശകൾ എന്തൊക്കെയാണെന്നും അവ നം.2/372/2022/എസ്.സി.എസ്.റ്റി. ഫയലിൽ പരിഗണിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ഇ) കോഴ്സ് അടിസ്ഥാനത്തിലും കോഴ്സ് ഗ്രൂപ്പ് അടിസ്ഥാനത്തിലും (രണ്ടു രീതിയിലും) പുതുക്കിയ നിരക്കുകൾ നിർദ്ദേശിക്കുന്ന സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കാമോ?

## <u>പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനപുരോഗതി</u>

2693 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനപുരോഗതിയ്ക്ക് ഈ സർക്കാർ നടപ്പിലാക്കിയ നൂതന പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് പുതിയ പദ്ധതികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

## <u>പട്ടികജാതി വികസന വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ ഉള്ള ഐ.ടി.സി.കൾ</u>

2694 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ എത്ര ഐ.ടി.സി.കൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ ഏതൊക്കെ ഐ.ടി.സി.കൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടെന്നും അറിയിക്കാമോ;

(ബി) ഓരോ ഐ.ടി.സി.കളിലും എന്തൊക്കെ കോഴ്സുകളാണ് ഉള്ളതെന്നും അറിയിക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ എണ്ണം</u>

2695 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ എത്ര പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവ എവിടെയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ താത്കാലിക നിയമനങ്ങൾ</u>**

2696 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കി; മറ്റു നിയമനങ്ങൾ ഉണ്ടെങ്കിൽ അത് നടത്തിയ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ പ്രസ്തുത കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി; വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ?

**<u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും</u>**

2697 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇത്തരം നടപടികളുടെ ഭാഗമായി ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ?

**<u>പട്ടികജാതി വികസനവകുപ്പിലെ പ്രവൃത്തി പഠന റിപ്പോർട്ട്</u>**

2698 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവകുപ്പിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പ്രവൃത്തി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പട്ടികജാതി വികസന വകുപ്പിലെ പ്രവൃത്തി പഠനത്തിന്റെ അടിസ്ഥാനത്തിൽ എത്ര എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളാണ് നിർത്തലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വകുപ്പിലെ നിശ്ചിത എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക നിർത്തലാക്കുന്നത് വകുപ്പിലെ എൽ.ഡി. ടൈപ്പിസ്റ്റ്, യു.ഡി. ടൈപ്പിസ്റ്റ് അനുപാതത്തെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വകുപ്പിലെ നിശ്ചിത എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ നിർത്തലാക്കുന്നത് വകുപ്പിലെ വിവിധ ഓഫീസുകളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിക്കുമെന്ന് പ്രവൃത്തി പഠനത്തിലൂടെ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ തൊഴിലുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളുടെ നിയമനം

2699 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ തൊഴിലുകളിൽ പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങൾക്ക് നിയമനം ലഭിക്കുന്നതിന് സംവരണം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി വികസന വകുപ്പിൽ വാർഡൻ തസ്തിക

2700 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ വാർഡൻ (മെയിൽ/ഫീമെയിൽ) തസ്തികയിൽ ഏറ്റവും ഒടുവിൽ നിയമനം നടത്തിയത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ നികത്താനുണ്ടെന്ന് അറിയിക്കാമോ;

(സി) ഇതിൽ എത്ര ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ നിലവിലില്ലാത്തത് മൂലമാണോ നിയമനം നടത്താൻ കഴിയാത്തതെന്ന് അറിയിക്കാമോ; അല്ലെങ്കിൽ ആയതിന്റെ സാങ്കേതിക, നിയമപരമായ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ പുറപ്പെടുവിക്കുന്നതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(എഫ്) പ്രസ്തുത റൂളിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; കരടിന് നിയമ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ജി) പ്രസ്തുത കരട് റൂൾ നിയമസഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ എസ്.സി. എസ്.റ്റി. കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങൾ

2701 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം മണ്ഡലത്തിൽ അനുവദിച്ച എസ്.സി., എസ്.റ്റി. കോർപ്പസ് ഫണ്ടുകളുടെ വിവരങ്ങൾ നഗരസഭാ/ പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി പദ്ധതികൾ

2702 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണത്തിനായി നടത്തിവരുന്ന പദ്ധതികൾ ലക്ഷ്യ പ്രാപ്തിയിൽ എത്താത്തതിന്റെ കാരണം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രാക്തന ഗോത്രങ്ങളിൽപ്പെട്ടവരുടെ ഇടയിലെ രോഗാതുരതയും മരണനിരക്കും കുറയ്ക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഉള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ ദുരിതാശ്വാസ നിധി ധനസഹായം

2703 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വാമനപുരം മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര രൂപ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അതിലൂടെ എത്ര പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം റിപ്പോർട്ടുകൾ

2704 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഓരോ റിപ്പോർട്ടും സമർപ്പിച്ചതെന്നാണെന്നും ഓരോ റിപ്പോർട്ടിന്മേലും നാളിതുവരെ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നും റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി

സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

**വ്യത്യസ്ത വെബ്സൈറ്റുകൾ വഴി നടപ്പാക്കുന്ന പദ്ധതികളുടെ ഏകീകരണം**

2705 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പല പദ്ധതികളും നടപ്പാക്കുന്നത് വ്യത്യസ്ത വെബ്സൈറ്റുകൾ വഴിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ-ഹൗസിംഗ്, ഇ-ഗ്രാന്റ്സ് തുടങ്ങിയ ഒരേ വകുപ്പിലെ വ്യത്യസ്ത പദ്ധതികൾ വ്യത്യസ്ത വെബ്സൈറ്റുകൾ വഴി കൈകാര്യം ചെയ്യുന്നതിനെ തുടർന്ന് അപേക്ഷകർ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ പദ്ധതികൾ ഏകീകരിക്കുന്നതിനും ഒരേ വെബ്സൈറ്റിൽ വ്യത്യസ്ത പേജുകളാക്കി ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**കായംകുളം മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് വഴി ലഭിച്ച ചികിത്സാ സഹായം**

2706 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികജാതി ക്ഷേമ വകുപ്പ് വഴി എത്രപേർക്ക് ചികിത്സാ സഹായം നൽകിയെന്നും അതിനായി എത്ര രൂപ അനുവദിച്ചിരുന്നുവെന്നും വിശദമാക്കാമോ; ആയതിന്റെ വിശദാംശങ്ങൾ പഞ്ചായത്തുകൾ, നഗരസഭ എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

**വാസയോഗ്യമല്ലാത്ത വീടുകളുടെ പുനർനിർമ്മാണം**

2707 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഉന്നതികളിലെ വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കാൻ പ്രത്യേക പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പിന്റെ പരസ്യങ്ങളുടെ വിശദാംശം**

2708 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിവരം ലഭ്യമാക്കാമോ?

**പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായുള്ള ആദിവാസി പുനരധിവാസം**

2709 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി ആദിവാസി പുനരധിവാസത്തിന് വയനാട്ടിൽ എത്ര സൊസൈറ്റികൾ രൂപീകരിച്ചിരുന്നു; അതിൽ എത്ര ഏക്കർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്തു എന്ന വിവരം ലഭ്യമാക്കുമോ;

(ബി) അട്ടപ്പാടിയിൽ പശ്ചിമഘട്ട വികസന പദ്ധതിക്കായി എത്ര ഏക്കർ ഏറ്റെടുത്തു എന്ന് അറിയിക്കുമോ;

(സി) ഈ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ തടസ്സം എന്താണെന്ന് അറിയിക്കുമോ;

(ഡി) ഇക്കാര്യത്തിൽ ഹൈക്കോടതി ഉത്തരവ് എന്തായിരുന്നു എന്നറിയിക്കുമോ;

(ഇ) അട്ടപ്പാടി ഫാമിങ് സൊസൈറ്റി നിലവിൽ എത്ര രൂപ നഷ്ടത്തിലാണെന്ന് അറിയിക്കുമോ;

(എഫ്) വട്ടലക്കി ഫാമിങ് സൊസൈറ്റി ഹോസ്റ്റലിലേക്ക് സാധനം വാങ്ങുന്നതിൽ ക്രമക്കേട് നടന്നുവെന്ന് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിരുന്നോ; അതിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ജി) ആലപ്പുഴ മുൻ പട്ടികവർഗ്ഗ ഓഫീസർ നടത്തിയ ക്രമക്കേട് സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിരുന്നോ; അതിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

## <u>ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം</u>

2710 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (ഡി.ആർ.എഫ്.) നിന്ന് നാളിതുവരെ ധനസഹായം ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക എന്നിവ പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിത കുടുംബങ്ങൾ ഭൂമിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ഇതിൽ എത്രപേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>

2711 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(സി) കീഴാറ്റൂർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവൃത്തി പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പദ്ധതി പൂർത്തിയാക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>മങ്കട മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ</u>**

2712 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ ഭവനനിർമാണം, കോളനി വികസനം, കുടിവെള്ളം, റോഡ്, വൈദ്യുതി, ശുചിത്വ സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് അനുവദിച്ച തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ മണ്ഡലത്തിന് കീഴിലെ വിവിധ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാരമായി എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ മണ്ഡലത്തിന് കീഴിലെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

**<u>ആദിവാസി മേഖലകളിലെ അരിവാൾ രോഗികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ</u>**

2713 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിലെ അരിവാൾ രോഗികൾക്ക് വകുപ്പ് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അരിവാൾ രോഗികൾക്ക് ഭക്ഷ്യക്കിറ്റ് മുടങ്ങുന്നതും പെൻഷൻ സമയത്ത് ലഭിക്കാത്തതും ദിവസവും കഴിക്കുന്ന ഹൈഡ്രോക്സിയൂറിയ ഉൾപ്പെടെയുള്ള ഗുളികകൾ കൃത്യസമയത്ത് ലഭിക്കാത്തതും മൂലം ആദിവാസി വിഭാഗത്തിൽപ്പെട്ട

രോഗികൾ ദുരിതത്തിലാണെന്ന ഗൗരവകരമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി ധനസഹായം

2714 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നാളിതുവരെ ധനസഹായം ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക, എന്നിവ പഞ്ചായത്ത്/നഗരസഭ തിരിച്ച് നൽകാമോ;

(ബി) മേൽ പ്രകാരം ഫണ്ട് അനുവദിക്കപ്പെട്ടുകയും എന്നാൽ തുക ഇനിയും ലഭിച്ചിട്ടില്ലാത്തവരുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് നൽകാമോ?

## ആലപ്പുഴ മണ്ഡലത്തിൽ നിർമ്മിച്ച പഠന മുറികൾ

2715 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിന് എത്ര പഠന മുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും തദ്ദേശസ്ഥാപനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഗുണഭോക്താക്കളെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും തദ്ദേശസ്ഥാപനം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഇതിൽ എത്ര ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര വീടുകൾ പൂർത്തീകരിക്കുവാനുണ്ടെന്നും വ്യക്തമാക്കാമോ?

## പാറശ്ശാല നിയോജകമണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ ഉന്നതികളുടെ ഉന്നമനം

2716 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പട്ടികജാതി, പട്ടിക വർഗ്ഗ ഉന്നതികളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഓരോ ഉന്നതികളിലുമുള്ള വീടുകളുടെ എണ്ണം, കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ തരം എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത ഉന്നതികളിൽ വീടില്ലാത്തവരുടെയും വാസയോഗ്യമായ വീടില്ലാത്തവരുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) കുടിവെള്ള, വൈദ്യുതി സൗകര്യങ്ങളില്ലാത്ത ഉന്നതികളുടെ പേരുവിവരങ്ങൾ വീടുകളുടെ എണ്ണം, ഉന്നതി,പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ഇ) റോഡ് സൗകര്യമില്ലാത്തതും ഗതാഗത യോഗ്യമല്ലാത്ത റോഡുകളുള്ളതുമായ ഉന്നതികളുടെ വിശദവിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത ഉന്നതികളിലേക്കുള്ള തകരാറിലായ ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണികൾ നടത്താനുണ്ടെന്നും ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം

2717 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എത്ര വീടുകളുടെ അറ്റകുറ്റപ്പണികൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

2718 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖാന്തരം പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗത്തിലെ അഴിമതി

2719 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗത്തിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ അഴിമതി നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ പദ്ധതികളിൽ എന്തെല്ലാം അഴിമതി നടന്നതായാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചികിത്സ ധനസഹായം

2720 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ; ധനസഹായം ലഭിച്ചവരുടെ വിശദാംശം നൽകാമോ?

**പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ വികസനം**

2721 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ വികസനത്തിനായി 2021 മുതൽ നാളിതുവരെ ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങളും അനുവദിക്കപ്പെട്ട തുകയും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ?

**സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

2722 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ റീഹാബിലിറ്റേഷൻ ആൻഡ് സെറ്റിൽമെന്റ് പോളിസി 2007 അനുസരിച്ച് വന്യജീവി സങ്കേതങ്ങൾക്ക് ഉള്ളിലുള്ള സെറ്റിൽമെന്റുകളിൽ ജീവിക്കുന്നവരെ അവിടെ നിന്നും മാറ്റി പാർപ്പിക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം അട്ടപ്പാടി ബ്ലോക്കിലെ ഏതെല്ലാം ഉന്നതികളിലെ എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന ഭൂപ്രശ്നം**

2723 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന ഭൂപ്രശ്നം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികൾ ലക്ഷ്യം കാണാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭൂമി അവർക്ക് തന്നെ ലഭിക്കുന്നുവെന്നും അത് അന്യാധീനപ്പെടുത്തുന്നില്ലായെന്നും ഉറപ്പാക്കുന്നതിന് സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

**കോവളം മണ്ഡലത്തിലെ പദ്ധതികൾ**

2724 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 കാലയളവിൽ കോവളം നിയോജക മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെയും പിന്നാക്ക ക്ഷേമ വകുപ്പിന്റെയും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

**<u>കടുത്തുരുത്തി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>**

2725 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽനിന്നും 2020 മുതൽ 2026 വരെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഉന്നതികളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ;

(ബി) ഓരോ ഉന്നതിയിലും നിർമ്മാണ പ്രവർത്തനങ്ങൾ എത്ര ശതമാനം വീതം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളതെന്നും ഏതെങ്കിലും പ്രവൃത്തികളിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കടുത്തുരുത്തി മണ്ഡലത്തിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശപഠനത്തിനായുള്ള ഉന്നതി സ്കോളർഷിപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര തുക ലഭ്യമാക്കിയിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കടുത്തുരുത്തി മണ്ഡലത്തിൽ 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ ഓരോ സാമ്പത്തിക വർഷത്തിലും പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള ചികിത്സാ ധനസഹായമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്കാണ് തുക അനുവദിച്ചതെന്ന് വിശദമാക്കാമോ; ഓരോ സാമ്പത്തിക വർഷത്തിലും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) 2016 മുതൽ 2021 വരെയും ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെയും കടുത്തുരുത്തി മണ്ഡലത്തിൽ ഭൂരഹിതരായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയെന്നും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

**<u>പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ക്ഷേമ പദ്ധതികളുടെ കുടിശ്ശിക</u>**

2726 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; ഓരോ ക്ഷേമ പദ്ധതികളിലും എത്ര മാസത്തെ കുടിശ്ശിക വീതമാണ് നിലവിലുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ?

## കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം

2727 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ പുരോഗതി ലക്ഷ്യമാക്കി പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള നിരീക്ഷണ സമിതികളെ ക്രിയാത്മകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## കേന്ദ്ര വിഹിതവും വിനിയോഗവും

2728 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രസർക്കാരിന്റെ വിഹിതം ലഭിക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്നും, 2021 മുതൽ നാളിതുവരെയായി ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വിഹിതം എത്രയാണെന്നും, ഏതെല്ലാം പദ്ധതികൾക്കായാണ് ആയത് ചെലവഴിച്ചതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ സംസ്ഥാനത്തെ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവിടുന്ന തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

## മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ ഉന്നതികളിൽ സാമൂഹിക പഠനമുറികൾ

2729 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എല്ലാ പട്ടികവർഗ്ഗ ഉന്നതികളിലും സാമൂഹിക പഠനമുറികൾ ആരംഭിക്കുവാനും ആയതിൽ ഫെസിലിറ്റേറ്റർമാരെ നിയമിക്കുവാനും പ്രഭാത ഭക്ഷണം ഏർപ്പെടുത്തുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) ഫെസിലിറ്റേറ്റർമാർക്ക് എൽ.പി. ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ എഴുത്തും വായനയും പഠിപ്പിക്കുക, മറ്റ് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ ഇംഗ്ലീഷ്, കണക്ക്, സയൻസ് വിഷയങ്ങൾ പരിശീലിപ്പിക്കുക എന്നീ ചുമതലകൾ നൽകുവാനും അവരുടെ പ്രവൃത്തി സമയം രാവിലെ 8 മണി മുതൽ 9.30 വരെയും വൈകുന്നേരം 4.30 മുതൽ 9 മണിവരെയുമായി നിശ്ചയിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

## മണലൂർ മണ്ഡലത്തിലെ സേഫ് പദ്ധതി

2730 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചെന്നും ആകെ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

**<u>തരൂർ മണ്ഡലത്തിൽ T-grantz മുഖേന ചികിത്സാ ധനസഹായം</u>**

2731 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെ പട്ടികജാതി വകുപ്പ് T-grantz മുഖേന നൽകുന്ന ചികിത്സാ ധനസഹായം തരൂർ മണ്ഡലത്തിൽ എത്ര പേർക്ക് നൽകിയിട്ടുണ്ട്; എത്ര രൂപയുടെ ധനസഹായമാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) 2016-2020 വർഷത്തിൽ എത്ര രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

**<u>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികൾ</u>**

2732 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമ വകുപ്പിന് കീഴിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**<u>ടി-ഗ്രാൻഡ്സ് (T-GRANDZ) പദ്ധതി പ്രകാരം ലഭിച്ച ആനുകൂല്യം</u>**

2733 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്ക് എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് 2021-25 കാലഘട്ടത്തിൽ നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ടി വകുപ്പിൽനിന്നും പ്രസ്തുത വിഭാഗക്കാർക്ക് ടി-ഗ്രാൻഡ്സ് (T-GRANDZ ) പദ്ധതി പ്രകാരം എത്ര രൂപയുടെ ആനുകൂല്യം മേൽ കാലയളവിൽ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

**<u>'ട്രൈബൽ പ്ലസ്'' പദ്ധതി</u>**

2734 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന 'ട്രൈബൽ പ്ലസ്' പദ്ധതിയുടെ പ്രവർത്തനം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവഴിക്കപ്പെടുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കുടുംബത്തിൽപ്പെട്ടവർക്കുള്ള ധനസഹായ പദ്ധതി

2735 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കല്യാശ്ശേരി മണ്ഡലത്തിൽ ഏകവരുമാനദായകർ മരണപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ കുടുംബത്തിൽപ്പെട്ടവർക്കുള്ള ധനസഹായ പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും എത്ര തുകയാണ് ഈയിനത്തിൽ വിതരണം ചെയ്തിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിലെ പട്ടികജാതി വകുപ്പ് ചികിത്സാ ധനസഹായം

2736 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വകുപ്പ് മുഖേന അരുവിക്കര മണ്ഡലത്തിലെ എത്ര വ്യക്തികൾക്കാണ് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുള്ളതെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കുമോ?

## മലപ്പുറം ജില്ലയിലെ പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായം

2737 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നൽകുന്ന വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ സഹായം എന്നിവയ്ക്കുള്ള അപേക്ഷകളിൽ എത്ര കുടിശ്ശികയുണ്ടെന്ന് ബ്ലോക്ക് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; എന്നുമുതലുള്ള കുടിശ്ശികയാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ 2022-23 സാമ്പത്തിക വർഷം സേഫ് പദ്ധതിക്കുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് ലഭ്യമായ അപേക്ഷകൾ ഉൾപ്പെടുത്തി മാസ്റ്റർ ലിസ്റ്റ് തയ്യാറാക്കിയിരുന്നുവോ; എങ്കിൽ ഈ ലിസ്റ്റിൽ നിന്ന് എത്രപേർക്ക് സഹായം നൽകിയെന്ന് ബ്ലോക്ക് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ 2022-23 സാമ്പത്തിക വർഷം സേഫ് പദ്ധതിയിൽ പുതിയ അപേക്ഷകൾ ക്ഷണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ ചികിത്സാ ധനസഹായം

2738 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പേരിൽ രൂപീകരിച്ചിട്ടുള്ള ചികിത്സാ ധനസഹായ നിധിയിൽ നിന്നും സഹായം ലഭിക്കുന്നതിനായി ഒറ്റപ്പാലം മണ്ഡലത്തിൽ നിന്നും നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അനുവദിച്ച തുക എത്രയാണ്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## ഐശ്വര്യ ഗ്രാമം പദ്ധതി

2739 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി വകുപ്പിന്റെ ഐശ്വര്യ ഗ്രാമം പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എം.എൽ.എ.മാരുടെ മണ്ഡലം ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഐശ്വര്യ ഗ്രാമം പദ്ധതിയുമായി സംയോജിപ്പിച്ച് വിനിയോഗിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികൾ

2740 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ധനസഹായ പദ്ധതികളും അവയുടെ നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ഭവന നിർമ്മാണം എന്നിവയ്ക്കുള്ള ധനസഹായ തുക എത്രയാണെന്നും ആയതിനുള്ള മാനദണ്ഡങ്ങൾ, ആവശ്യമായ രേഖകൾ, അപേക്ഷയുടെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

## തരൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖേനയുള്ള പദ്ധതികൾ

2741 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ 2021-25 വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖേന എത്ര രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; എത്ര രൂപ പദ്ധതികൾക്കായി അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) 2016-2020 വർഷങ്ങളിൽ എത്ര രൂപ വകുപ്പ് മുഖേന തരൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമം

2742 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നാളിതുവരെ ധനസഹായം ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക എന്നിവ പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിത കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ എത്രപേർക്ക് ഭൂമി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## കൊടുങ്ങല്ലൂർ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി

2743 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ അംബേദ്ക്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അവയുടെ തുക സഹിതം അറിയിക്കാമോ?

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായം

2744 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനായി എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച ചികിത്സാ ധനസഹായം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## പാറശ്ശാല മണ്ഡലത്തിലെ പട്ടികജാതി വികസന ഓഫീസുകൾ മുഖേന ഏക വരുമാനദായകർക്കുള്ള ധനസഹായം പദ്ധതി

2745 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാറശ്ശാല മണ്ഡലത്തിലെ പാറശ്ശാല, പെരുങ്കടവിള എന്നീ പട്ടികജാതി വികസന ഓഫീസുകൾ മുഖേന ഏക വരുമാനദായകർക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പേർക്ക് ആശ്വാസ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചവരുടെ പേരുവിവരവും അവർക്ക് നൽകിയ തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഓഫീസുകളിൽ നിലവിൽ എത്ര പേരുടെ അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ടെന്നും ഇവയിൽ കാലതാമസം നേരിടുന്നുണ്ടോയെന്നും അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ വീടിന്റെ അറ്റകുറ്റപ്പണിക്കുള്ള ധനസഹായം

2746 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര പേർക്കാണ് തുക അനുവദിച്ചതെന്നും അനുവദിച്ച തുക എത്രയെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## ഐശ്വര്യ ഗ്രാമം പദ്ധതി

2747 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതികളിലെ സമഗ്ര വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് പുതുതായി ആവിഷ്കരിച്ച ഐശ്വര്യ ഗ്രാമം പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി; വ്യക്തമാക്കാമോ;

(ബി) ഓരോ മണ്ഡലത്തിലും ഈ പദ്ധതി പ്രകാരം ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഐശ്വര്യ ഗ്രാമം പദ്ധതിക്ക് സംസ്ഥാനത്ത് മൊത്തം ആവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

2748 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

## പാലാ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി

2749 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ ചൊവ്വൂർ, കടനാട് പഞ്ചായത്തിലെ ചാത്തൻകുന്ന്, കരൂർ പഞ്ചായത്തിലെ നെല്ലാനിക്കാട്ട് എന്നീ പ്രദേശങ്ങൾക്ക് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടതലാളുകൾ തിങ്ങിപ്പാർക്കുന്ന പ്രസ്തുത പ്രദേശങ്ങളിൽ ഈ പദ്ധതി പ്രകാരം ഏതൊക്കെ പ്രവർത്തികളാണ് നിലവിൽ നടപ്പാക്കുന്നതെന്നും പുതിയ പദ്ധതികൾ തയ്യാറായിട്ടുണ്ടോയെന്നും വിശദമാക്കാമോ?

**<u>പിന്നാക്ക ക്ഷേമ വികസന വകുപ്പിലെ തസ്തികകൾ</u>**

2750 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക ക്ഷേമ വകുപ്പിന് നിലവിൽ എത്ര ഓഫീസുകൾ ഉണ്ട്; പ്രസ്തുത ഓഫീസിൽ ജോലി ചെയ്യുന്ന സ്ഥിരം/താത്കാലിക ജീവനക്കാരുടെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട ജനവിഭാഗം എത്ര ശതമാനം ഉണ്ടെന്നുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് പിന്നാക്ക വിഭാഗത്തിൽപ്പെട്ട എത്ര സർക്കാർ ജീവനക്കാർ ഉണ്ടെന്ന് കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പിന്നാക്ക വിഭാഗ വകുപ്പിനെ സംബന്ധിച്ച് സർക്കാർ നടത്തിയ സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ അനുവദിക്കാൻ തത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖേന ഭവന നിർമ്മാണം</u>**

2751 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ കോർപ്പറേഷൻ മുഖേന ഭവന നിർമ്മാണത്തിനുള്ള ലോൺ നൽകുന്നുണ്ടോ; പലിശയായി എത്ര ശതമാനമാണ് ഈടാക്കുന്നത്; പരമാവധി എത്ര രൂപയാണ് ലോണായി നൽകുന്നത്; ഗഡുക്കളായാണോ തുക നൽകുന്നത്; എങ്കിൽ ഓരോ ഗഡുവും എത്ര രൂപ വീതമാണ്;

(ബി) സ്വന്തം പണം ഉപയോഗപ്പെടുത്തി വീട് നിർമ്മാണം തറ, ലിന്റൽ ഉയരം മുതലായവ നടത്തിയവർക്ക് വർക്ക് ലോൺ നൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

**<u>പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിലെ വായ്പ പദ്ധതികൾ</u>**

2752 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന ഏതൊക്കെ പദ്ധതികളിലാണ് വായ്പകൾ അനുവദിച്ചത്; വിശദമാക്കാമോ;

(ബി) ഓരോ വർഷവും എത്ര തുകയാണ് ഇതിനായി അനുവദിച്ചത്; കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഇതിൽ എത്ര രൂപയാണ് ഓരോ വർഷവും വിദ്യാഭ്യാസ വായ്പയായി അനുവദിച്ചത്; കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) ഇതിൽ എത്ര രൂപയാണ് നിലവിൽ വായ്പാ കുടിശികയുള്ളത്;

(ഇ) വായ്പകൾക്ക് പലിശ ഇളവ് അനുവദിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ പദ്ധതികൾ

2753 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ പ്രവൃത്തികൾ

2754 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ നാളിതുവരെ ആലത്തൂർ നിയോജക മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിന്റെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടേയും വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## കാട്ടുപന്നികളെ കൊല്ലുന്നതിന് നടപടി

2755 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നികളെ കൊല്ലുന്നതിനായി ഏതൊക്കെ വകുപ്പുകളിൽ നിന്ന് എന്തൊക്കെ അനുമതികളാണ് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാട്ടുപന്നികളെ കൊല്ലാൻ ഉപയോഗിക്കേണ്ട ആയുധങ്ങൾ സംബന്ധിച്ചും അവയ്ക്ക് ഉണ്ടായിരിക്കേണ്ട അനുമതികൾ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) കാട്ടുപന്നികളെ കൊന്നൊടുക്കുന്നതിനായി ചെലവാക്കുന്ന തുക ദുരന്തനിവാരണ ഫണ്ടിൽ നിന്ന് നൽകുമെന്നുള്ള ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനായി നിയോഗിക്കുന്ന ഷൂട്ടർമാർക്കുണ്ടായിരിക്കേണ്ട യോഗ്യതകളെന്തെല്ലാമാണെന്ന് അറിയിക്കുമോ; ഷൂട്ടർമാർക്ക് വനം വകുപ്പിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഇ) വനമേഖലയുമായി ബന്ധപ്പെട്ട പഞ്ചായത്തുകളിൽ ഈ നടപടികൾ ഏകോപിപ്പിക്കുന്നതിനായി വനംവകുപ്പ് ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ വനമേഖലകളിൽ ആനപ്രതിരോധ കിടങ്ങ് നിർമ്മാണം</u>**

2756 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി റെയ്ഞ്ചിൽ നബാർഡ് പദ്ധതിയിലും ആർ.കെ.വി.വൈ. പദ്ധതിയിലും ഉൾപ്പെടുത്തി സൗരോർജ്ജ തൂക്കുവേലികളും ആനപ്രതിരോധ കിടങ്ങുകളും നിർമ്മിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>ആലുവ – മൂന്നാർ രാജപാതയുടെ പുനർ നിർമ്മാണം</u>**

2757 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-മൂന്നാർ രാജപാത തുറന്നു നൽകുന്നതിനും രാജപാതയുടെ പുനർ നിർമ്മാണത്തിനും വനം വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>കാവുകളുടെ സംരക്ഷണത്തിന് പദ്ധതികൾ</u>**

2758 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാവുകൾ സംരക്ഷിക്കുന്നതിനായി നിലവിൽ വനം-വന്യജീവി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും, കാവ് സംരക്ഷണ പദ്ധതിയുടെ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എങ്ങനെയാണെന്നും വിശദീകരിക്കാമോ;

(ബി) കാവ് സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകൾ ഏതെല്ലാമാണ്; നിലവിൽ പ്രാബല്യത്തിലുള്ള സ.ഉ.(സാധാ)നം. 485/2016/വനം ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള മാർഗ്ഗരേഖകൾ വിശദമാക്കാമോ;

(സി) 2025-26 സാമ്പത്തിക വർഷം തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ കാവ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി തിരഞ്ഞെടുത്ത കാവുകൾ ഏതെല്ലാമാണെന്നും അവ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ഡി) 'കാവും കുളവും സംരക്ഷണം' എന്ന പേരിൽ പ്രത്യേകമായ ഒരു പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ കാവുകളും ജലസ്രോതസ്സുകളും സംയുക്തമായി സംരക്ഷിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>വനപരിപാലന പദ്ധതികൾ</u>**

2759 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനായി വനസംരക്ഷണ മേഖലയിൽ നടപ്പിലാക്കുന്ന ദീർഘകാല നയങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) വനപാലകരുടേയും ഫോറസ്റ്റ് സ്റ്റാഫിന്റെയും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ വിവിധ വനപരിപാലന പദ്ധതികൾ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കാട്ടുതീ പടരുന്നത് തടയാൻ നടപടി</u>

2760 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ അനുഭവപ്പെടുന്ന വരൾച്ച കാരണം കാട്ടുതീ പടർന്നു പിടിക്കാനുള്ള സാധ്യത ഏറെയാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ കാട്ടുതീ മൂലം വനസമ്പത്തിനുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കാട്ടുതീ പടർന്നു പിടിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## <u>സംസ്ഥാനത്തെ വനവിസ്തൃതിയും വനം കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടികളും</u>

2761 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി ദേശീയ ശരാശരിയെക്കാൾ കൂടുതലാണോയെന്ന് വ്യക്തമാക്കുമോ;

(ബി) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചുവെന്നും നിലവിലെ സർക്കാർ നാളിതുവരെ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്;

(ഡി) വനം കയ്യേറ്റം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## വനാവകാശ നിയമം

2762 **ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2026 കാലയളവിൽ വനാവകാശ നിയമ പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്ര അപേക്ഷകൾ അംഗീകരിച്ചു; വ്യക്തമാക്കാമോ;

(ബി) ആദിവാസി ഉന്നതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) വന സംരക്ഷണത്തിൽ ആദിവാസി സമൂഹങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;?

## കോളിച്ചാൽ - എടപ്പറമ്പ റീച്ചിലെ പരിഹാര വനവൽക്കരണത്തിനായുള്ള ഭൂമി കൈമാറ്റ നടപടി

2763 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ കോളിച്ചാൽ-എടപ്പറമ്പ റീച്ചിലെ പരിഹാരവനവൽക്കരണത്തിനായുള്ള ഭൂമി കൈമാറ്റ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി വനം വകുപ്പ് ഏറ്റെടുക്കുന്ന നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## പന്തപ്രആദിവാസിനഗറിലെ മരംമുറിച്ചുമാറ്റികൃഷിയോഗ്യമാക്കുന്നതിന് നടപടി

2764 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പന്തപ്ര ആദിവാസി നഗറിലെ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുമാറ്റി കൃഷി യോഗ്യമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) നടപടികൾ വേഗത്തിലാക്കി മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കാൻ നടപടി

2765 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽപ്പെട്ട എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ തീരുമാനം കേന്ദ്ര വനം-

പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടലിലൂടെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം വന്യജീവി ബോർഡിന്റെ നിർദേശപ്രകാരം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കേന്ദ്ര വനം വന്യജീവി ബോർഡിന്റെ നിർദേശപ്രകാരമുള്ള എന്തെല്ലാം നടപടികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

**<u>കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ പാലക്കാട് ജില്ലയിൽ ഉള്ള സ്ഥലങ്ങൾ</u>**

2766 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് ഡെവലപ്പമെന്റ് കോർപ്പറേഷന്റെ കീഴിൽ പാലക്കാട് ജില്ലയിൽ ഉള്ള സ്ഥലങ്ങൾ ഏതെല്ലാമെന്ന് ഏരിയ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ ഉല്പാദിപ്പിച്ച് വരുന്നതും സംരക്ഷിക്കുന്നതുമായ സമ്പത്തുകൾ എന്തെല്ലാമാണ്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മണ്ണാർക്കാട് മണ്ഡലത്തിലെ ഇക്കോ സെൻസിറ്റീവ് ഏരിയയുടെ വിസ്തൃതി</u>**

2767 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ വിജ്ഞാപനപ്രകാരം മണ്ണാർക്കാട് മണ്ഡലത്തിൽ ഇക്കോ സെൻസിറ്റീവ് ഏരിയയായി കണക്കാക്കിയിട്ടുള്ള ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിശദവിവരം ഓരോ വില്ലേജിന്റെയും അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ സാമൂഹ്യ വനവൽക്കരണം</u>**

2768 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട് വിനിയോഗിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

**<u>വന്യമൃഗശല്യം പ്രതിരോധിക്കുന്നതിന് ട്രഞ്ച് നിർമ്മാണം</u>**

2769 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വന്യമൃഗശല്യം രൂക്ഷമായി തുടരുന്ന മൂന്നാർ, മലയാറ്റൂർ, കോതമംഗലം വനം ഡിവിഷനുകളിൽ കൂടുതൽ ട്രഞ്ച് (Trench) നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>തരൂർ മണ്ഡലത്തിലെ വനം വകുപ്പ് പദ്ധതികളുടെ ധനവിനിയോഗം</u>**

2770 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെയുള്ള കാലയളവിൽ തരൂർ മണ്ഡലത്തിൽ വനം വകുപ്പ് മുഖേന എത്ര രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) 2016-2020 വർഷങ്ങളിൽ എത്ര രൂപയുടെ പദ്ധതികളാണ് വനം വകുപ്പ് തരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

## വനം വകുപ്പ് ഉദ്യോഗസ്ഥർക്കായുള്ള പരിശീലനം

2771 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനം, സ്കിൽ ഡെവലപ്മെന്റ്, വനസംരക്ഷണം, ഗവേഷണം എന്നിവ ലക്ഷ്യമാക്കി ഫോറസ്റ്റ് അക്കാദമി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; തിരുവനന്തപുരം ജില്ലയിലെ അരിപ്പയിൽ അക്കാദമി ആരംഭിക്കുന്നതിനുള്ള നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) വനം വകുപ്പ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി നിലവിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരിപ്പ, വാളയാർ എന്നിവിടങ്ങളിൽ നൽകുന്ന പരിശീലനങ്ങളുടെ സ്വഭാവവും അവിടെയുള്ള വിവിധ വിഭാഗങ്ങളും വ്യക്തമാക്കാമോ;

(സി) വനം വകുപ്പിലെ വിവിധ തസ്തികകളിലുള്ള ജീവനക്കാർക്ക് (ബീറ്റ് ഫോറസ്റ്റ് ഓഫീസർ മുതൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ വരെ) നൽകുന്ന നിർബന്ധിത പ്രാഥമിക പരിശീലനവും ഹ്രസ്വകാല റിഫ്രഷർ കോഴ്സുകളും സംബന്ധിച്ച വിശദാംശം നൽകാമോ; പോലീസ് പരിശീലനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) വനസംരക്ഷണവും വനഗവേഷണവും ശക്തിപ്പെടുത്തുന്നതിനായി വനം വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി പുതിയ ഡിപ്ലോമ/സർട്ടിഫിക്കറ്റ്/ഗവേഷണ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ കാവ് സംരക്ഷണ പദ്ധതി

2772 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ കാവ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച കാവുകളുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ കാവിനും അനുവദിച്ച ധനസഹായം എത്രയെന്ന് വ്യക്തമാക്കുമോ; ആയതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ട്രീ ബാങ്കിംഗ് പദ്ധതി

2773 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പിലാക്കുന്ന ട്രീ ബാങ്കിംഗ് പദ്ധതിയുടെ വിശദാംശങ്ങളും, പദ്ധതിയുടെ ലക്ഷ്യങ്ങളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ വൃക്ഷ ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും, പദ്ധതി പ്രകാരം ഭൂമിയുടെ ഉടമയ്ക്ക് നട്ടുപിടിപ്പിച്ച മരങ്ങൾ വെട്ടി വിൽക്കാൻ കഴിയുമോയെന്നും വ്യക്തമാക്കാമോ?

**ഒറ്റപ്പാലം മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക**

2774 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തികരിച്ചവയും പൂർത്തീകരിക്കാനുള്ളവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**പാറശ്ശാല മണ്ഡലത്തിൽ കാവും കുളവും പദ്ധതി**

2775 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ കാവും കുളവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ സ്ഥലത്തിനും അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പാറശ്ശാല മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി വനം വകുപ്പ് വഴി നടപ്പിലാക്കിയ മറ്റ് പദ്ധതികളും അവയുടെ ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമാക്കാമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസിന്റെയും ക്വാർട്ടേഴ്സിന്റെയും നിർമ്മാണം**

2776 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കുരുതക്കാട് സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസിന്റെയും ക്വാർട്ടേഴ്സിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത റേഞ്ച് ഓഫീസിന്റെയും ക്വാർട്ടേഴ്സിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

**മണ്ണാർക്കാട്, സൈലന്റ് വാലി ഡിവിഷനുകൾക്ക് കീഴിലെ ഇക്കോ ടൂറിസം**

2777 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട്, സൈലന്റ് വാലി ഡിവിഷനുകൾക്ക് കീഴിൽ ഇക്കോ ടൂറിസം വികസനത്തിനായി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പരിസ്ഥിതി സൗഹൃദ ടൂറിസം ഉറപ്പുവരുത്തി കൂടുതൽ വിനോദസഞ്ചാരികളെ പ്രസ്തുത ഡിവിഷനുകൾക്ക് കീഴിലുള്ള കൂടുതൽ പ്രദേശങ്ങളിലേക്ക് ആകർഷിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**വാവുമല എക്കോടൂറിസം പദ്ധതി**

2778 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാവുമല എക്കോടൂറിസം പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**വനം വന്യജീവി വകുപ്പിലെ താത്കാലിക നിയമനങ്ങൾ**

2779 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം-വന്യജീവി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ എത്ര താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്;വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കി; മറ്റു നിയമനങ്ങൾ ഉണ്ടെങ്കിൽ അത് നടത്തിയ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ പ്രസ്തുത കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി ; സ്ഥാപനം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

**വനം വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള നടപടി**

2780 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വനം വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; ഓരോ റിപ്പോർട്ടും സമർപ്പിച്ചതെന്നാണെന്നും ഓരോ റിപ്പോർട്ടിന്മേലും നാളിതുവരെ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) റിപ്പോർട്ടുകൾ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

## ജനവാസ മേഖലയിലെ വന്യമൃഗ ആക്രമണം തടയാൻ സ്വീകരിക്കുന്ന നടപടികൾ

2781 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലയിലെ വന്യമൃഗ ആക്രമണം തടയാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് രാജ്യങ്ങൾ വന്യമൃഗ ആക്രമണം ഫലപ്രദമായി തടയുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ മാതൃകയാക്കി സംസ്ഥാനത്തെ വന്യമൃഗ ആക്രമണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## വനം വകുപ്പിന്റെ ധനവിനിയോഗത്തിൽ അഴിമതി

2782 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വനം വകുപ്പിന്റെ ധനവിനിയോഗത്തിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ അഴിമതി നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ പദ്ധതികളിൽ എന്തെല്ലാം അഴിമതി നടന്നതായാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

## മനുഷ്യ-വന്യജീവി സംഘർഷ പ്രദേശങ്ങളെ മേഖലകളായി വിഭജിക്കൽ

2783 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാൻ വനം വകുപ്പ് തയ്യാറാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ പ്രദേശങ്ങളെ എത്ര മേഖലകളാക്കി തിരിച്ചിട്ടുണ്ട്; വിശദീകരിക്കാമോ;

(സി) കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷം രേഖപ്പെടുത്തിയിരിക്കുന്ന പഞ്ചായത്ത് പ്രദേശങ്ങളുടെ എണ്ണം എത്ര;

(ഡി) മനുഷ്യ വന്യജീവി സംഘർഷം രൂക്ഷമായ ഹോട്ട് സ്പോട്ടുകൾ ഏതൊക്കെയാണ്; വിവരിക്കാമോ?

## കൈപ്പമംഗലം മണ്ഡലത്തിൽ നാച്ചുറൽ ക്യാമ്പുകൾ

2784 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിനായി കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് 2021 മുതൽ നാച്ചുറൽ ക്യാമ്പുകൾ അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത മണ്ഡലത്തിലെ എല്ലാ ഹൈസ്കൂളുകളിലും വിദ്യാലയങ്ങളിലും നാച്ചുറൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## വാമനപുരം മണ്ഡലത്തിൽ നവകിരണം പദ്ധതി

2785 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ നവകിരണം പദ്ധതി പ്രകാരം നാളിതുവരെ എത്ര പേരെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിലെ പാലോട് ഉദിമൂട് സെറ്റിൽമെന്റിലുൾപ്പെട്ട 18 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ജണ്ട നിർമ്മാണത്തിലെ അഴിമതി

2786 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിൽ 2019-20 & 2020-21 സാമ്പത്തിക വർഷത്തിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് അഴിമതി ഉണ്ടായതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ അന്വേഷണം നടത്തിയിരുന്നോ; അഴിമതിയുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് എതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരിൽ വകുപ്പ് തല നടപടികൾ സ്വികരിക്കുന്നതിന് മുമ്പ് പെൻഷൻ ആയവർക്ക് ആനുകൂല്യങ്ങൾ നൽകിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## വനം-വന്യജീവി വകുപ്പ് നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം

2787 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വനം-വന്യജീവി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ

തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

**തടി ലേലം മൂലം വനവാസി സമൂഹങ്ങൾക്ക് ദോഷം സംഭവിക്കാതിരിക്കാൻ മുൻകരുതലുകൾ**

2788 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തടി ലേലത്തിന്റെ ഭാഗമായി വനവാസി സമൂഹങ്ങളുടെ ജീവനോപാധികൾക്ക് ദോഷം സംഭവിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

**വന്യജീവികളുടെ സ്ഥിതിവിവര കണക്ക്**

2789 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ കണക്കെടുപ്പ് അവസാനമായി നടത്തിയത് എന്നാണെന്നും അപ്പോൾ ലഭ്യമായ വന്യജീവികളുടെ കണക്ക് എപ്രകാരമാണെന്നും അറിയിക്കാമോ;

(ബി) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ നിലവിലുള്ള വന്യജീവികളുടെ സ്ഥിതിവിവര കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; എങ്കിൽ അത് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ വനപ്രദേശങ്ങൾക്ക് ഉൾക്കൊള്ളാവുന്നതിലും അധികം വന്യജീവികളുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) വനത്തിൽ നിന്ന് ജീവിതസന്ധാരണത്തിന് ആവശ്യമായ വിഭവങ്ങൾ ലഭ്യമാക്കാത്തതുകൊണ്ടാണോ വന്യജീവികൾ ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ വനമേഖലയിൽ വന്യജീവികൾ അനിയന്ത്രിതമായി വർദ്ധിക്കുന്നത് തടയുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

**ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടിയുള്ള നിരീക്ഷണ സംവിധാനം**

2790 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദനമരങ്ങളും അപൂർവയിനം സസ്യങ്ങളും കൊണ്ട് നിബിഡമായ ചോല വനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടുകൂടിയുള്ള നിരീക്ഷണ സംവിധാനം ഒരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) വനമേഖല കേന്ദ്രമാക്കിയുള്ള ലഹരി മാഫിയകളുടെയും മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിന് ആധുനിക ഉപഗ്രഹ നിരീക്ഷണ

സംവിധാനങ്ങൾ ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(സി) വനങ്ങളിലും പ്രത്യേക ആവാസവ്യവസ്ഥാ പ്രദേശങ്ങളിലും നിരീക്ഷണത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ട ആധുനിക നിരീക്ഷണ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത കാലാകാലങ്ങളിൽ പരിശോധനാവിധേയമാക്കാറുണ്ടോ; വിശദീകരിക്കാമോ;

(ഡി) കേരളത്തിലെ വനമേഖലകളും അവയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളും ഉപഗ്രഹ നിരീക്ഷണത്തിൻ കീഴിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ കൃഷിയിട സംരക്ഷണ നടപടികൾ

2791 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ 2026 ജനവരി വരെയുള്ള കാലയളവിൽ നാദാപുരം മണ്ഡലത്തിൽ വന്യമൃഗങ്ങളിൽ നിന്ന് കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കോട്ടൂർ ആന പുനരധിവാസ കേന്ദ്രം

2792 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക, ഭരണാനുമതി തീയതി, ഇവയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

## മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി

2793 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ അനുദിനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതൽ ഫലപ്രദവും ശാസ്ത്രീയവുമായ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) വികേന്ദ്രീകൃതവും പ്രാദേശികവും ഫലപ്രദവുമായ മാർഗ്ഗങ്ങളിലൂടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) മനുഷ്യ-വന്യജീവി സംഘർഷപ്രദേശങ്ങളുടെ പ്രത്യേകതകൾ കണക്കിലെടുത്ത് വിവിധ പ്രദേശങ്ങളെ ലാൻഡ്സ്കേപ്പുകളായി തിരിച്ച് അനുയോജ്യമായ പ്രതിരോധ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) വനമേഖലയിലെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ വൃക്ഷങ്ങളും സസ്യജാലങ്ങളും വച്ചു പിടിപ്പിച്ച് സസ്യഭുക്കുകളായ വന്യജീവികളുടെ ഭക്ഷ്യസമൃദ്ധി ഉറപ്പാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

## കക്കയം ഇക്കോട്ടൂറിസം പദ്ധതി

2794 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഇക്കോട്ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. പരിശോധിച്ചിട്ടുണ്ടോ; എത്ര കോടി രൂപയുടെ പദ്ധതിയാണ് പരിഗണനയിലുള്ളതെന്നും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## കാട്ടുപന്നിയും മുള്ളൻപന്നിയും കാരണമുണ്ടാവുന്ന കൃഷിനാശം

2795 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നിയും, മുള്ളൻപന്നിയും കാരണം കൃഷിനാശം ഉണ്ടാവുന്ന പക്ഷം നഷ്ടപരിഹാരത്തിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ; ഇപ്രകാരം കൃഷിനാശം വരുത്തുന്ന ജീവികളെ വെടിവെച്ച് കൊല്ലുന്നതിന് ആരെയാണ് കൃഷിക്കാർ സമീപിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) കാട്ടുപന്നിയുടെ ആക്രമണത്തിൽ പരിക്കുപറ്റിയാൽ എന്തൊക്കെ സേവനങ്ങളാണ് സർക്കാർ തലത്തിൽ ലഭ്യമാകുക എന്ന് വിശദമാക്കാമോ?

## വന്യജീവി ആക്രമണം

2796 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര മേഖലകളിലെ വന്യജീവി ആക്രമണങ്ങളെ തുടർന്ന് 2016 മുതൽ നാളിതുവരെ ജീവൻ നഷ്ടപ്പെട്ടവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതേ കാലയളവിൽ കൃഷിനാശം മൂലം ഉണ്ടായ നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) എന്തു തുക സഹായധനമായി വിതരണം ചെയ്തിട്ടുണ്ട്; സഹായധനം വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് ധനസഹായം പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിയും; വിശദമാക്കുമോ?

## വന്യജീവി ആക്രമണം

2797 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടെ വന്യജീവി ആക്രമണങ്ങളിൽ മരിച്ചവരുടെയും പരിക്കേറ്റവരുടെയും എണ്ണം ജില്ല തിരിച്ചുള്ള കണക്കുകളോടെ ലഭ്യമാക്കാമോ;

(ബി) വന്യജീവി ആക്രമണങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതരായ എത്ര പേർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) വന്യജീവികൾ കൃഷി നശിപ്പിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ഭീമമായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തെല്ലാം; ആയതിനായി അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയാണ്; എത്ര ആളുകൾക്ക് ഈയിനത്തിൽ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജനവാസ കേന്ദ്രങ്ങളിൽ വന്യജീവികൾ ഇറങ്ങുന്നത് തടയാൻ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, ഹാങ്ങിങ് ഫെൻസിങ് എന്നിവ സ്ഥാപിക്കുന്നതിൽ വനം വകുപ്പ് നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്; ഇത്തരം പ്രതിരോധ സംവിധാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക ചെലവഴിക്കുന്നുണ്ട്; എവിടെയെല്ലാമാണ് ഇത്തരത്തിൽ പ്രതിരോധ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.ടി.) നിലവിലെ പ്രവർത്തനം കാര്യക്ഷമമാണോ; പ്രസ്തുത ടീമുകളുടെ പ്രവർത്തനത്തിന് ആവശ്യമായ അംഗബലം, ആധുനിക ഉപകരണങ്ങൾ എന്നിവയുടെ അഭാവം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിചിട്ടുള്ളത്; വ്യക്തമാക്കാമോ?

## മനുഷ്യ വന്യജീവി സംഘർഷം പരിഹരിക്കാൻ നടപടി

2798 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം അതിരൂക്ഷമായി തുടരുകയും പത്തു വർഷത്തിനിടെ വന്യജീവി ആക്രമണങ്ങളിൽ ആയിരത്തോളം മനുഷ്യർ കൊല്ലപ്പെടുകയും ചെയ്തിട്ടും ഇതിനെതിരെ സത്വര നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മനുഷ്യ വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുള്ള പദ്ധതികൾ ലക്ഷ്യ പ്രാപ്തിയിൽ എത്താത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണത്തിൽപ്പെട്ടവർക്ക് നഷ്ടപരിഹാരം

2799 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ്**

**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്കും പരിക്ക് പറ്റുന്നവർക്കും നൽകിവരുന്ന നഷ്ടപരിഹാരം പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ മരണമടയുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ മാതൃകയിൽ നടപ്പിലാക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ;

(സി) വന്യജീവി ആക്രമണത്തിൽ പരിക്ക് പറ്റുന്നവരുടെ ചികിത്സാ ചെലവ് പൂർണ്ണമായും ഏറ്റെടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് വരുന്നത് തടയാൻ നടപടി</u>

2800 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് കടന്നു വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വനപ്രദേശങ്ങളിൽ വന്യമൃഗങ്ങൾക്കാവശ്യമായ ആഹാരവും ജലവും ഉണ്ടെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥ ഉറപ്പാക്കി ജനവാസമേഖലകളിലേക്ക് അവ കടന്നു വരുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## <u>അരുവിക്കര മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് അനുവദിച്ച തുക</u>

2801 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ വന്യജീവി ആക്രമണം മൂലം പരിക്കേറ്റവർക്ക് അനുവദിച്ച തുക, അപേക്ഷകളുടെ എണ്ണം, എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

## <u>കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് അനുമതി</u>

2802 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള അനുമതി സ്വയംരക്ഷയ്ക്കോ വിളസംരക്ഷണത്തിനോ ആയുധ ലൈസൻസ് ഉള്ള വ്യക്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വിവിധ വിഭാഗങ്ങളിലുള്ള ആയുധ ലൈസൻസികൾ വെടിവച്ച് കൊന്ന കാട്ടുപന്നികളുടെ എണ്ണം പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(സി) സ്പോർട്സ് വിഭാഗത്തിലുള്ള ആയുധ ലൈസൻസികൾക്കും കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**ചൊവ്വര ജലശുദ്ധീകരണ ശാലയിലെ വൈദ്യുതി തടസ്സം**

2803 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ കരയിലെ ശുദ്ധജലക്ഷാമത്തിന് കാരണമാവുന്ന ചൊവ്വര ജലശുദ്ധീകരണ ശാലയിലെ അടിക്കടി ഉണ്ടാവുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി കെ. എസ്. ഇ. ബി. യുടെ പുതിയ ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 06.08.2024-ന് ഭരണാനുമതി ലഭ്യമായിട്ടുള്ളതും കെ. എസ്. ഇ. ബി. ക്ക് കെട്ടിവെക്കേണ്ടതുമായ 4,41,28,000/- രൂപ ജലവിഭവ വകുപ്പ് കെട്ടിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ടി തുക നാളിതുവരെ കെട്ടിവെച്ചിട്ടില്ലെങ്കിൽ ദ്വീപ് മണ്ഡലമെന്ന പരിഗണനയും കുടിവെള്ളത്തിനായി മറ്റു ശുദ്ധജലസ്രോതസ്സുകളൊന്നും ഇല്ല എന്ന വസ്തുതയും കണക്കിലെടുത്ത് ടി തുക പ്രത്യേക പരിഗണന നൽകി കെട്ടിവെക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**നദികളിലെ ജലം കാര്യക്ഷമമായി ഉപയോഗിക്കാൻ നടപടി**

2804 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ നദികളിലെ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് പഠനം നടത്താൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയിൽ കൂടുതൽ ജലസേചന സൗകര്യം ഒരുക്കുന്നതിനും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ;

(സി) പൂർത്തിയാക്കാത്ത ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ജലസേചന പദ്ധതികളുടെ കനാലുകൾ അറ്റകുറ്റപ്പണികൾ നടത്തി നവീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**ഇറിഗേഷൻ വകുപ്പിൽ വിവിധ പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുക**

2805 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിലെ ബജറ്റുകളിൽ ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക എത്രയാണെന്നും അതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധി മൂലം വകയിരുത്തിയിരുന്ന തുകയിൽ എത്ര ശതമാനം തുക വെട്ടിക്കുറച്ചുവെന്ന് വ്യക്തമാക്കുമോ; ഏറനാട് മണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ ഒരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്നും പ്രസ്തുത പദ്ധതികളേതൊക്കെയെന്നും അറിയിക്കാമോ?

## <u>ഇറിഗേഷൻ ടൂറിസം പദ്ധതി</u>

2806 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കുമോ;

(സി) ഇറിഗേഷൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്ന് പ്രപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## <u>കോട്ടക്കൽ നഗരസഭയിലെ സമഗ്ര ജലസേചന പദ്ധതി</u>

2807 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കൃഷിഭവൻ പരിധിയിൽ നെൽകൃഷിയും പച്ചക്കറി കൃഷിയും വിപുലപ്പെടുത്തുന്നതിനായി കൃഷിഭവന്റെ പരിധിയിലുള്ള ജലസ്രോതസുകൾ പുനരുജ്ജീവിപ്പിച്ച് പുതിയ കൈത്തോടുകളും നീർച്ചാലുകളും ചിറകളും നിർമ്മിക്കുകയും നിലവിലുള്ളവ നവീകരിക്കുകയും ചെയ്യുന്നതുൾപ്പടെയുള്ള ഒരു സമഗ്ര ജലസേചന പദ്ധതി ആവിഷ്കരിക്കുന്നത് സംബന്ധിച്ച് 22.03.2025 ൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് കോട്ടക്കൽ എം.എൽ.എ.നൽകിയ പ്രൊപ്പോസലിന്മേൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കോട്ടക്കൽ നഗരസഭയിലെ നീർത്തടങ്ങളുടെ സമഗ്ര പുരോഗതിയ്ക്കായി തയ്യാറാക്കിയ ഹരിത കേരളം മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>മലപ്പുറം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേനയുള്ള പദ്ധതികൾ</u>

2808 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പ് വഴി എസ്. ഡി. ആർ. എഫ്. പദ്ധതിയിലും പ്ലാൻ ഫണ്ടിലും ഉൾപ്പെടുത്തി മലപ്പുറം നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) മലപ്പുറം നിയോജക മണ്ഡലത്തിലെ കടലുണ്ടിപ്പുഴയിലെ ആനക്കയം വില്ലേജ് (സർവ്വേ നമ്പർ141/8 പാണക്കാട് വില്ലേജ് ) ,താമരക്കുഴി , നൂറാടി , കോരംകുണ്ട് , കോൽമണ്ണ (സർവ്വേ നമ്പർ141/8 പാണക്കാട് വില്ലേജ് ), പാണക്കാട് ആറുവെട്ടിക്കടവ് എന്നീ ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിന് അടങ്കൽ തയ്യാറാക്കി മുൻഗണന നിശ്ചയിച്ച് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുള്ള നിർദേശം നൽകുമോ ;

(സി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഫണ്ട് അനുവദിക്കുകയോ ഭരണാനുമതി നൽകുകയോ ചെയ്യുന്നതിനുള്ള കാലതാമസം എന്താണ്; കാരണം വ്യക്തമാക്കാമോ;

(ഡി) അപകടം കണക്കിലെടുത്ത് മൺസൂൺ വരുന്നതിനു മുമ്പു തന്നെ ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## <u>ജൽ ജീവൻ പദ്ധതി</u>

2809 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കൽ വൈകിയതിനാൽ മലപ്പുറം ജില്ലയിൽ ജല ജീവൻ മിഷന്റെ എത്ര പദ്ധതികൾ മുടങ്ങി കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) വള്ളികുന്ന് നിയോജക മണ്ഡലത്തിലെ മൂന്നിയൂർ, ചേലേമ്പ്ര, വള്ളിക്കുന്ന്, തേഞ്ഞിപ്പലം, പഞ്ചായത്തുകൾക്കുള്ള വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടി സംബന്ധിച്ച് ബഹു: ഹൈകോടതിയിൽ കേസ് തീർപ്പാക്കുന്നത് വൈകുന്നത് പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ വിഷയത്തിൽ തുടർന്ന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## <u>ഭൂജലവകുപ്പ് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്ഥാപിച്ച മിനി കുടിവെള്ള പദ്ധതി</u>

2810 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ ഭൂജലവകുപ്പ് കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ സ്ഥാപിച്ച മിനി കുടിവെള്ള പദ്ധതികളുടെ സ്ഥലവും, നിലവിലെ സ്ഥിതിയും, ആവശ്യമായി വന്ന തുകയും വ്യക്തമാക്കാമോ; പ്രസ്തുത കുടിവെള്ള പദ്ധതികളുടെ തുടർപ്രവർത്തന ചെലവുകൾ എങ്ങനെയാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശം- ലഭ്യമാക്കാമോ?

## <u>നബാർഡ് ഫണ്ട് വഴി നടപ്പിലാക്കിയ കുടിവെള്ള പദ്ധതി</u>

2811 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ഫണ്ട് വഴി നടപ്പിലാക്കിയ പള്ളിച്ചൽ വിളവൂർക്കൽ, ബാലരാമപുരം പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ പൂർണ്ണമായ വിവരം ലഭ്യമാക്കാമോ; ഭരണാനുമതി ലഭ്യമായ തീയതി, തുക, പ്രവൃത്തി ആരംഭിച്ച തീയതി, പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ആയതിന്റെ നേട്ടങ്ങൾ, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കാമോ; അനുമതി ലഭ്യമായ തീയതി, അനുവദിച്ച തുക, ആരംഭിച്ച തീയതി, പൂർത്തിയാക്കിയ തീയതി, പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ, ആയതിന്റെ നേട്ടങ്ങൾ, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## <u>പുതുക്കാട് മണ്ഡലത്തിലെ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

2812 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ഇഞ്ചക്കുണ്ട് മേഖലയിലെ കർഷകർക്ക് ഏറെ പ്രയോജനകരമായ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുന്നതിനായി, രണ്ടാം ഘട്ടമായി നിർമ്മിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ പ്രൊപ്പോസലിന് അനുമതിയും ഫണ്ടും ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>ഡീസാലിനേഷൻ പ്ലാന്റ്</u>

2813 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുനമ്പം ഭാഗത്ത് ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എപ്പോഴത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>അരുവിക്കര മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി</u>

2814 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിലായി ജൽജീവൻ പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികൾ, അവയുടെ ഭരണാനുമതി തീയതി, അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ തരംതിരിച്ച് അറിയിക്കുമോ?

## കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

2815 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള ഉള്ളിയേരി ടൗണിലെ ഇറിഗേഷൻ ഭൂമിയിൽ നടപ്പിലാക്കി വരുന്ന നഗര സൗന്ദര്യവൽക്കരണ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് എത്ര കോടി രൂപയാണ് ബജറ്റിൽ അനുവദിച്ചിട്ടുള്ളത്; ആയതിന് ധനാനുമതി ലഭിച്ചിട്ടുണ്ടോ; ധനാനുമതി ലഭിച്ച പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; അറിയിക്കാമോ?

## കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

2816 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് (മേജർ/മൈനർ) മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും ചെലവഴിച്ച തുകയും വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുവാൻ തുക അനുവദിച്ച പ്രവൃത്തികൾ

2817 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 മുതൽ മാവേലിക്കര മണ്ഡലത്തിൽ ബജറ്റിലും എം.എൽ.എ. ഫണ്ടിലും ഉൾപ്പെടുത്തി മൈനർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുവാൻ തുക അനുവദിച്ച പ്രവൃത്തികളുടെ പേരും അവയുടെ തൽസ്ഥിതിയും വിശദമാക്കാമോ;

(ബി) ഇവയിൽ ടെൻഡർ ചെയ്തവയും ചെയ്യാനുള്ളവയും ഏതൊക്കെയെന്നും ടെൻഡർ ചെയ്യാനുള്ള കാലതാമസം ഉണ്ടെങ്കിൽ കാരണം എന്തെന്നും വിശദമാക്കാമോ?

## കാട്ടാക്കട നിയോജക മണ്ഡലത്തിലെ ജൽജീവൻ മിഷൻപ്രവൃത്തികൾ

2818 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി നടപ്പിലാക്കിയ ജൽജീവൻ മിഷന്റെ പ്രവൃത്തികൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഓരോ പഞ്ചായത്തിലും പദ്ധതിക്കായി അനുവദിച്ച തുക, നൽകിയ കണക്ഷനുകൾ, ലഭിച്ച അപേക്ഷകൾ, ഇനി നൽകാനുള്ളവ എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; കൂടാതെ ജലമെത്തിക്കുന്നതിനായി മണ്ഡലത്തിൽ സ്ഥാപിച്ചതും സ്ഥാപിക്കുന്നതുമായ പമ്പ് ഹൗസുകൾ, ഇതിനായുള്ള തുക എന്നിവ വിശദമാക്കാമോ?

**കോവളം മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ**

2819 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-26 കാലയളവിൽ കോവളം മണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

**കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

2820 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയിൽ പൈപ്പ് മാറ്റിവയ്ക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് നീക്കം ചെയ്യുന്ന മണ്ണ് റോഡരികിൽ കൂട്ടിയിടുന്നത് മൂലം കടുത്ത ഗതാഗത തടസ്സവും പൊടിപടലങ്ങളും ഉണ്ടാകുന്നതായ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ രാമങ്കുളം കുടിവെള്ള പദ്ധതി പൂർണ രൂപത്തിൽ സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

**കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി പ്രവൃത്തികൾ**

2821 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഭൂജല വകുപ്പുകൾ മുഖാന്തരം കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കടുത്തുരുത്തി മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജൽ ജീവൻ മിഷൻ പദ്ധതി എതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്; വിശദമാക്കുമോ; 2021 മുതൽ 2026 വരെയുള്ള പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**കണ്ടൽക്കാടുകളുടെ നിർമ്മാർജ്ജനം**

2822 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരൊഴുക്കിന് തടസ്സമാവുന്ന രീതിയിൽ തോടുകളിലും കായലുകളിലും വളർന്നുനിൽക്കുന്ന കണ്ടൽക്കാടുകൾ, ജനവാസകേന്ദ്രങ്ങളിൽ വെള്ളം കയറുന്നതിനും തോടുകളും കായലുകളും വൃത്തിയാക്കി, പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും തടസ്സമാകുന്നതിനാൽ പ്രസ്തുത കണ്ടലുകൾ നീക്കംചെയ്യുന്നതിന് സ്വീകരിക്കാവുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ജനവാസകേന്ദ്രങ്ങളിൽ ഓരുവെള്ളം കയറുന്നതിന് കാരണമാവുന്ന ആർ.എം.പി. തോട് നവീകരണത്തിനായി നവകേരള സദസ്സിൽ 2.29 കോടിക്കും ബഡ്ജറ്റിൽ 2 കോടി രൂപയ്ക്കും ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിനും കടലിലേയ്ക്കുള്ള നീരൊഴുക്കിന് തടസ്സമായും തോടുകൾ തന്നെ ഇല്ലാതാക്കുന്ന രീതിയിലും വളർന്നുവരുന്ന കണ്ടൽക്കാടുകൾ നീക്കംചെയ്ത് തോടിന്റെ സംരക്ഷണത്തിനായുള്ള പാർശ്വഭിത്തിയുടേയും നടപ്പാതയുടേയും നിർമ്മാണത്തിന് പ്രത്യേകാനുമതിയോ നിയമത്തിൽ ഇളവോ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## <u>കിള്ളിയാറിന്റെ നവീകരണം</u>

2823 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിള്ളിയാറിന്റെ നവീകരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷക്കാലത്തിനുള്ളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചെലവഴിച്ച തുക ഉൾപ്പെടെ ലഭ്യമാക്കാമോ;

(ബി) തീര സംരക്ഷണവുമായി ബന്ധപ്പെട്ട് കിള്ളിയാറിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരം എസ്റ്റിമേറ്റ് തുക സഹിതം വിശദമാക്കാമോ?

## <u>ചാലക്കുടി പുഴയോരം സംരക്ഷണ പ്രവൃത്തി</u>

2824 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചാലക്കുടി പുഴയിലെ വൈന്തല പ്രോജക്ട് കടവ് മുതൽ സമ്പാളൂർ ഞറളക്കടവ് വരെയുള്ള ഭാഗത്തെ പുഴയോര സംരക്ഷണം എന്ന പ്രവൃത്തിയുടെ വിശദാംശങ്ങളും നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) ഈ പ്രദേശത്തെ പറമ്പുകളുടെ വശങ്ങൾ പുഴയിലേക്ക് ഇടിഞ്ഞ് വീഴുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ മെല്ലെപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഗൗരവമായി കണ്ട് പരിഹാരം കണ്ടെത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>ഡാമുകളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ</u>

2825 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീകരണവും പുനരുദ്ധാരണവും ആവശ്യമായ ഏതെല്ലാം ഡാമുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജോലികൾക്ക് ചെലവഴിക്കേണ്ടിവരുന്ന തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) ഡാമുകളുടെ നവീകരണ/പുനരുദ്ധാരണ ജോലികൾക്ക് സർക്കാരിതര ഏജൻസികളുടെ സാമ്പത്തിക സഹായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഇതിനായി എത്ര തുകയുടെ പദ്ധതിയ്ക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്; നവീകരണ/പുനരുദ്ധാരണ ജോലികൾ എന്നു മുതൽ ആരംഭിക്കാൻ സാധിക്കും; വിശദാംശം നൽകുമോ?

<u>**മാന്നനൂർ ഉരുക്ക് തടയണ**</u>

2826 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഭാരതപ്പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന മാന്നനൂർ ഉരുക്ക് തടയണയുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്;

(സി) കൃത്യമായ സമയപരിധിയോടെ പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>**ഉദുമ മണ്ഡലത്തിൽ ചെക്ക് ഡാം-കം -ബ്രിഡ്ജ്**</u>

2827 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ബേഡഡുക്ക അമ്പിലാടി മാട്ട റോഡിൽ കരിച്ചേരി പുഴയ്ക്ക് കുറുകെ ചെക്ക് ഡാം- കം- ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഡിസൈൻ തയ്യാറായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചെക്ക് ഡാം- കം -ബ്രിഡ്ജ് പദ്ധതിക്കായി 2026-27 ബജറ്റിൽ തുക വകയിരുത്തിയത് പ്രകാരം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>**ചാലിയാർ തീരങ്ങളിൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്ന നടപടി**</u>

2828 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ ചാലിയാർ പുഴ ഒഴുകുന്ന ചീക്കോട് , വാഴക്കാട്, വാഴയൂർ പഞ്ചായത്തുകളിലെ തീരഭാഗങ്ങൾ പലയിടങ്ങളിലും മണ്ണിടിഞ്ഞ് ജനങ്ങളുടെ

ജീവനും, സ്വത്തിനും ഭീഷണിയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ മൂന്ന് പഞ്ചായത്തുകളിലെ ചാലിയാർ തീരത്ത് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഇതിനകം നൽകിയ പ്രൊപ്പോസലുകളുടെ വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

**വൈപ്പിൻ കരയിലെ തീരശോഷണവും കടലാക്രമണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം**

2829 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻകരയിലെ തീരശോഷണവും കടലാക്രമണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം നടത്തി എൻ.സി.സി.ആർ. ഷോർലൈൻ മാനേജ്മെന്റ് പ്ലാനും അന്തിമ റിപ്പോർട്ടും സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി മിഷൻ ഡയറക്ടറേറ്റ് വഴി ഏഷ്യൻ ഡവലപ്മന്റ് ബാങ്കിന്റെ ധനസഹായം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച ജലവിഭവ വകുപ്പിൽ തുടരുന്ന ഫയലി(ഐ.ആർ.1/132/2024)ന്റെ പുരോഗതി വിശദമാക്കാമോ?

**മങ്കട ഗ്രാമപഞ്ചായത്തിലെ വലിയ തോടിന് സംരക്ഷണ ഭിത്തി**

2830 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമപഞ്ചായത്തിലെ വലിയ തോടിന് സംരക്ഷണ ഭിത്തിയില്ലാത്തതിനാൽ വശങ്ങൾ പതിവായി ഇടിഞ്ഞ് താഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തോടിലെ കുട്ടപ്പാലയിലും കുളത്തോട്-കുട്ടപ്പാല കൈതോട്ടിലും വശങ്ങളുടെ സംരക്ഷണത്തിന് കരിങ്കൽ ഭിത്തി കെട്ടുന്നതിനുള്ള പ്രവൃത്തി 2025-26 ലെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയിട്ടുള്ളതെന്ന വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കർഷകർക്കും പൊതുജനങ്ങൾക്കും വളരെ പ്രയോജനകരമായ പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ താല്ക്കാലിക ബണ്ടുകളുടെ നിർമ്മാണം**

2831 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി ഉന്നതികളിലും മലയോര ഗ്രാമങ്ങളിലും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കുറുമാലിപ്പുഴയിൽ എല്ലാ വർഷവും നിർമ്മിക്കാറുള്ള താൽക്കാലിക ബണ്ടുകൾ ഇനിയും നിർമ്മിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തിരമായി താൽക്കാലിക ബണ്ടുകൾ നിർമ്മിച്ച് മേഖലയിലെ ജനങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) തുടർ വർഷങ്ങളിൽ പ്ലാസ്റ്റിക് ചാക്കുകൾക്കു പകരം മറ്റ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിന് കൂടുതൽ തുക അനുവദിക്കുമോ?

## കഞ്ചികട്ടയിൽ റെഗുലേറ്റർ -കം- ബ്രിഡ്ജ് നിർമ്മാണം.

2832 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചികട്ടയിൽ നിർമ്മിക്കുന്ന റെഗുലേറ്റർ- കം -ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കുമോ?

## ബംബ്രാണ റെഗുലേറ്റർ -കം -ബ്രിഡ്ജ്

2833 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷിറിയ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന ബംബ്രാണ റെഗുലേറ്റർ -കം- ബ്രിഡ്ജ് പ്രവൃത്തിയുടെ പൂർത്തീകരണം വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

## ചക്കംകണ്ടം സ്ലോയിസ്- കം -ബ്ലിഡ്ജ് നിർമ്മാണം

2834 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ചക്കംകണ്ടം സ്ലോയിസ്- കം- ബ്ലിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) നിലവിലെ സ്ലോയിസ്- കം- ബ്ലിഡ്ജ് അപകടാവസ്ഥയിലാണെന്നും ഇതിലൂടെയുള്ള വാഹന ഗതാഗതം നിർത്തിവെച്ചിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## പെരിഞ്ചേരി കടവ് റെഗുലേറ്റർ- കം- ബ്രിഡ്ജ് പ്രവൃത്തി

2835 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിഞ്ചേരി കടവ് റെഗുലേറ്റർ -കം- ബ്രിഡ്ജ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ബി) പെരിഞ്ചേരി കടവ് റെഗുലേറ്റർ- കം -ബ്രിഡ്ജ് പ്രവൃത്തിക്കായി അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി എന്തൊക്കെ ഘടകങ്ങളാണ്

ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; ഈ പ്രവൃത്തി നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; എത്ര തുകയ്ക്കാണ് ഈ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ?

## കാട്ടാമ്പള്ളി റെഗുലേറ്റർ -കം- ബ്രിഡ്ജ് നവീകരണം

2836 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിലെ കാട്ടാമ്പള്ളി റെഗുലേറ്റർ -കം -ബ്രിഡ്ജ് നവീകരണം പ്രവൃത്തിയിൽ (റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയത്) ഉൾപ്പെടുന്ന അനുബന്ധ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; ആയതിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## തുണേരി-വേറ്റുമ്മൽ-കായപ്പനച്ചി-ടെയിൽ ഏൻഡ്-കനാൽ പദ്ധതി

2837 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നാദാപുരം നിയോജക മണ്ഡലത്തിൽ റവന്യൂ-ഇറിഗേഷൻ വകുപ്പുകൾ നടത്തിയ സംയുക്ത സർവ്വേ പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) തുണേരി-വേറ്റുമ്മൽ-കായപ്പനച്ചി–ടെയിൽ ഏൻഡ്–കനാൽ പദ്ധതിക്ക് ഏറ്റെടുത്ത ഭൂമി അനധികൃതമായി കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പദ്ധതി പൂർത്തീകരണത്തിന് ബജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

## മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

2838 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**കൊണ്ടോട്ടിയിലെ മൈനർ ഇറിഗേഷന്റെ സെക്ഷൻ ഓഫീസ് മാറ്റി സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ**

2839 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടിയിലെ മൈനർ ഇറിഗേഷന്റെ സെക്ഷൻ ഓഫീസ് വളരെ അസൗകര്യം ഉള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുകൊണ്ട് അത് മാറ്റി സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസ് കൊണ്ടോട്ടിയിലെ പി.ഡബ്ല്യു.ഡി. റോഡ് സെക്ഷൻ കോമ്പൗണ്ടിലുള്ള പഴയ കെട്ടിടത്തിലേക്ക് താൽക്കാലികമായി മാറ്റുന്നതിന് അപേക്ഷിച്ചിട്ടുള്ള ശിപാർശയിന്മേലും വാട്ടർ അതോറിറ്റിയുടെ കൊണ്ടോട്ടി ഓഫീസിലെ ഒഴിവുള്ള ഭാഗത്തേക്ക് മാറ്റുന്നതിന് അപേക്ഷിച്ചിട്ടുള്ള ശിപാർശയിന്മേലും ഇതുവരെ സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**തരൂർ മണ്ഡലത്തിൽ ഇറിഗേഷൻ കനാൽ സെക്ഷൻ മുഖേന പദ്ധതികൾ**

2840 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ ഇറിഗേഷൻ കനാൽ സെക്ഷൻ മുഖേന എത്ര രൂപയുടെ പദ്ധതികളാണ് 2021 മുതൽ 2025 വരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് (മംഗലം ഡാം-മലമ്പുഴ കനാൽ സെക്ഷനുകളിൽ) വ്യക്തമാക്കാമോ;

(ബി) തരൂർ മണ്ഡലത്തിൽ 2016 മുതൽ 2020 വരെ എത്ര രൂപ കനാൽ വിഭാഗം പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**ഇടയിലക്കാട്, മാടക്കാൽ ബണ്ടുകൾക്ക് പകരം പാലം എന്ന പദ്ധതി**

2841 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഇടയിലക്കാട്, മാടക്കാൽ ബണ്ടുകളിലായി സ്വാഭാവിക ഒഴുക്ക് തടയുന്നത് മൂലം ഉള്ള പരിസ്ഥിതി പ്രശ്നം പരിഹരിക്കാൻ ബണ്ടിനു പകരം പാലം എന്ന പദ്ധതിയുടെ നടപടി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**മാമ്പള്ളി തോട്, മഹാശിവക്ഷേത്ര കുളം എന്നീ പുനഃരുദ്ധാരണപ്രവൃത്തികളുടെ നിലവിലെ സ്ഥിതി**

2842 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മാമ്പള്ളി തോട്, തിരുവള്ളൂർ മഹാശിവക്ഷേത്രക്കുളം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

## ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം

2843 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള ഉടുമ്പനാശ്ശേരി വി.സി.ബി. (വെന്റഡ് ക്രോസ് ബാർ) കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഡി.പി.ആർ.(ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട്)-ലെ അപാകത പരിഹരിച്ച് സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദേശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപ്രകാരം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി സമർപ്പിക്കുന്നതിന് നിർദേശിക്കുമോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഡി.പി.ആർ. അംഗീകരിച്ച് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബജറ്റ് പദ്ധതികൾ പോലും സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ ജലവിഭവ വകുപ്പ് കാണിക്കുന്ന ഗുരുതരമായ അലംഭാവം ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം എന്ന പ്രവൃത്തി എത്രയും വേഗം ആരംഭിക്കുന്നതിന് കർശന നിർദേശം നൽകുമോ?

## നീരുറവകൾ അപ്രത്യക്ഷമാകുന്ന സ്ഥിതിവിശേഷം

2844 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾക്ക് ജലം നൽകുന്ന പശ്ചിമഘട്ട മലനിരകളിലെ ചെറുതും വലുതുമായി നിലനിന്നിരുന്ന നീരുറവകൾ ഓരോന്നായി അപ്രത്യക്ഷമാകുന്ന ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊടുംവേനലിൽ പോലും ജലസമൃദ്ധമായിരുന്ന പ്രസ്തുത നീരുറവകൾ അപ്രത്യക്ഷമാകുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) നീരുറവകളെ പുനരുജ്ജീവിപ്പിക്കുന്നതുൾപ്പടെയുള്ള പരിഹാര നടപടികൾ സ്വീകരിക്കുമോ?

## കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് അനുമതി

2845 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കുഴൽ കിണറുകൾ ഉണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അവയുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദമാക്കാമോ?

## കുഴൽകിണർ നിർമ്മാണത്തിന് അനുമതി

2846 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽ കിണറുകൾ കുഴിക്കുന്ന യൂണിറ്റുകൾക്കും കമ്പനികൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; ഇതിലൂടെ അശാസ്ത്രീയമായ നിർമ്മാണ രീതികൾ പിന്തുടരുന്നവരെ നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സർക്കാർ അംഗീകാരമുള്ളതും രജിസ്റ്റർ ചെയ്തതുമായ കമ്പനികളുടെ (Rig owners) യന്ത്രങ്ങൾ മാത്രമേ കുഴൽക്കിണർ കുഴിക്കാൻ ഉപയോഗിക്കാവൂ എന്ന നിബന്ധന പരിശോധന വിധേയമാക്കാറുണ്ടോ ഇത് ഉറപ്പു വരുത്തുവാൻ നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഭൂഗർഭജല സ്രോതസ്സുകൾ ഡിജിറ്റലായി മാപ്പ് ചെയ്യാനും ഓരോ പ്രദേശത്തെയും ജലലഭ്യതയ്ക്കനുസരിച്ച് മാത്രം പുതിയ കിണറുകൾക്ക് അനുമതി നൽകാനും നടപടി സ്വീകരിക്കുമോ?

## അരൂർ മണ്ഡലത്തിലെ അഞ്ചുതുരുത്ത് പാലം, കോപ്പായി വല്യാറ പാലം നിർമ്മാണം

2847 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അഞ്ചുതുരുത്ത് പാലം, കോപ്പായി വല്യാറ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് പാലം വിഭാഗം ജലവിഭവ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പിന് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) നിലവിൽ പാലം നിർമ്മാണത്തിന് ആവശ്യമായ ക്ലിയറൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ?

## ജലവിഭവ വകുപ്പിന്റെ പദ്ധതികളിൽ ക്രമക്കേട്

2848 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ജലവിഭവ വകുപ്പിന്റെ പദ്ധതികളിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ പദ്ധതികളിൽ എന്തെല്ലാം ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

## താൽക്കാലിക നിയമനങ്ങൾ

2849 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര നിയമനങ്ങളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കിയതെന്നും മറ്റ് നിയമനങ്ങൾ നടത്തിയ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ പ്രസ്തുത കാലയളവിൽ എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

## കുടിവെള്ളക്ഷാമം

2850 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എച്ച്. സലാം**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഭാവി കുടിവെള്ള ആവശ്യകത കണക്കിലെടുത്ത് ദീർഘകാല ജലസുരക്ഷ ഉറപ്പാക്കുന്നതിനായി സർക്കാർ ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന നഗര പ്രദേശങ്ങളിൽ ഭാവിയിൽ ഉണ്ടാകാവുന്ന കുടിവെള്ള ക്ഷാമം ഒഴിവാക്കുന്നതിനായി പ്രത്യേക നഗര ജലസുരക്ഷാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നിലവിലെ വികസന പ്രവർത്തനങ്ങൾ ഭാവി തലമുറയുടെ ജലാവകാശത്തെ ബാധിക്കാതിരിക്കുവാൻ സ്വീകരിച്ച നയപരമായ സമീപനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## ചാലക്കുടി മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

2851 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജക മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ചാലക്കുടി മണ്ഡലത്തിൽ നാളിതുവരെ ജൽ ജീവൻ പദ്ധതിയുടെ എത്ര ശതമാനം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ?

## ഒറ്റപ്പാലം നഗരസഭയിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

2852 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നഗരസഭയിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; അതിനായി അനുവദിച്ച തുകകൾ എത്രയെന്നും വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിലെ നീണ്ടകര-കരുമാഞ്ചേരി പാലനിർമ്മാണം

2853 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കോടംതുരുത്ത് പഞ്ചായത്തിൽ ജലവിഭവ വകുപ്പ് നിർവ്വഹണ ഏജൻസിയായി ബഡ്ജറ്റിൽ 3 കോടി രൂപ അനുവദിച്ച നീണ്ടകര-കരുമാഞ്ചേരി പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സോയിൽ ടെസ്റ്റ് നടത്തുന്നതിനായി ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## അമൃത് 2.0 പദ്ധതി

2854 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭയിൽ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന 15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഓവർഹെഡ് ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അനുമതി ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ വിശദമാക്കാമോ; സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

2855 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ, പുരോഗമിക്കുന്നവ, ആരംഭിക്കുന്നവ, തുക സംബന്ധിച്ച വിശദാംശങ്ങൾ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് വിവരങ്ങൾ അറിയിക്കാമോ?

## രാമപുരം കുടിവെള്ള പദ്ധതി

2856 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ പതിമൂന്ന് പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ രാമപുരം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

## ജൽ ജീവൻ മിഷൻ

2857 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി നിയോജകമണ്ഡലത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും വിവിധ പഞ്ചായത്തുകളിൽ നിന്നും ഏറ്റെടുത്ത ഏതൊക്കെ റോഡുകൾ പണിതീർത്ത് ഇനി തിരികെ നൽകാനുണ്ട് എന്നുള്ള വിവരങ്ങൾ അറിയിക്കാമോ; ഇപ്രകാരമുള്ള ഓരോ റോഡുകളും ഏറ്റെടുത്ത തീയതിയും ആയതിൽ ഇതുവരെ ചെയ്ത പ്രവൃത്തികളും വിശദമാക്കാമോ;

(ബി) ഇപ്രകാരം വാട്ടർ അതോറിറ്റി ഏറ്റെടുത്ത റോഡുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; കൂടാതെ, പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ;

(സി) മൂന്ന് വർഷത്തിലധികമായി വാട്ടർ അതോറിറ്റി ഏറ്റെടുത്ത് കൈവശം വച്ചിരിക്കുന്ന റോഡുകളുടെ ശോചനീയാവസ്ഥ കാരണം അപകടങ്ങൾ പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അടിയന്തരമായി പ്രവൃത്തികൾ പൂർത്തീകരിച്ച് തിരികെ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനും കൈവശം സൂക്ഷിക്കുന്ന കാലയളവിൽ വാട്ടർ അതോറിറ്റിയുടെ തന്നെ ഫണ്ട് ഉപയോഗപ്പെടുത്തി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## ജൽ ജീവൻ മിഷൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

2858 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ സമ്പൂർണ കുടിവെള്ള ലഭ്യതയ്ക്കായി എന്തെല്ലാം പദ്ധതികൾ ജെ.ജെ.എം. (ജൽ ജീവൻ മിഷൻ) മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിവരം നൽകാമോ;

(ബി) ഓരോ പദ്ധതിക്കുമായി അനുവദിച്ച തുകയും പദ്ധതിയുടെ തൽസ്ഥിതിയും വ്യക്തമാക്കാമോ;

(സി) വിവിധ പദ്ധതികൾ പ്രകാരം ഇതേവരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണവും നൽകാൻ അവശേഷിക്കുന്ന കുടിവെള്ള കണക്ഷനുകളുടെ എണ്ണവും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## കിണർ നിർമ്മാണ പദ്ധതികൾ

2859 **ശ്രീ എം രാജഗോപാലൻ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസമൃദ്ധി നിലനിർത്തുവാൻ നടപ്പാക്കിയ പുതിയ കിണർ നിർമ്മാണ പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ജല ശുദ്ധീകരണ പ്ലാന്റുകൾ വർദ്ധിപ്പിക്കുന്നതിലൂടെ കുടിവെള്ളത്തിന്റെ നിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ജലസംരക്ഷണത്തിനും മഴവെള്ള ശേഖരണത്തിനുമായി ആരംഭിച്ച പ്രധാനപ്പെട്ട പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

## <u>ഞാങ്കടവ് കുടിവെള്ള പദ്ധതി</u>

2860 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കി വരുന്ന ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ എപ്രകാരമാണ് പുരോഗമിക്കുന്നത്; പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## <u>കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി</u>

2861 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയെ തുടർന്ന് സംസ്ഥാനത്ത് അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; ഇതിനായി എത്ര തുക അധികമായി ചെലവഴിച്ചു;

(ബി) കുടിവെള്ളക്ഷാമത്തിന്റെ മറവിൽ സ്വകാര്യ ടാങ്കർ ലോറി ഉടമകൾ ജനങ്ങളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്നറിയിക്കുമോ;

(സി) ടാങ്കർ ലോറികൾ വഴി വിതരണം ചെയ്യുന്ന ജലം ശുദ്ധജല സ്രോതസ്സുകളിൽ നിന്നാണെന്ന് ഉറപ്പുവരുത്താൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കാമോ?

## <u>ജലജാഗ്രത</u>

2862 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരകമായ ജലജന്യ രോഗങ്ങളുടെ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ പാലിക്കേണ്ട കുറ്റമറ്റ ജല ജാഗ്രത സംബന്ധിച്ച് വ്യാപക പ്രചരണം നടത്തേണ്ട സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ജനങ്ങൾ വീട്ടാവശ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്ന എല്ലാ ജലസ്രോതസ്സുകളിലും ജലസംഭരണികളിലും അപകടകാരികളായ രോഗാണുക്കളുടെ

സാന്നിധ്യം ഇല്ലെന്നുറപ്പുവരുത്തുന്നതിനുവേണ്ടി ജല ഗുണനിലവാര പരിശോധന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ട സാഹചര്യം നിലവിലുണ്ടോ; വിശദീകരിക്കുമോ;

(സി) വിവിധ ആവശ്യങ്ങൾക്കായി ജനങ്ങൾ ജലം ശേഖരിക്കുന്ന ജലസ്രോതസ്സുകളായ കിണറുകളെയും കുളങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാപ്പ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) സ്വകാര്യ ഏജൻസികൾ കുടിവെള്ളമായി വിതരണം ചെയ്യുന്ന ജലം കൂടുതൽ സുരക്ഷിതവും ഉപഭോക്താക്കളുടെ ആരോഗ്യത്തിന് ഹാനികരമല്ലാത്ത തരത്തിലുമുള്ളതുമാണെന്നും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## പൈപ്പ് ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടുന്നത്

2863 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവാരമില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതാണ് നിരന്തരം പൈപ്പ് പൊട്ടാൻ കാരണമെന്ന് അതോറിറ്റിയുടെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഇരുപത്തിനാല് മണിക്കൂറും മുടക്കമില്ലാതെ ഗുണനിലവാരമുള്ള ജലവിതരണത്തിന് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ?

## കുടിവെള്ള വിതരണ സംവിധാനം പരിഷ്കരിക്കാൻ നടപടി

2864 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയുടെ, ഭൂമിക്കടിയിലൂടെ പോകുന്ന കുടിവെള്ള വിതരണ പൈപ്പുകൾ ഉപരിതലത്തിലെ മർദ്ദം താങ്ങാനാവാതെ പൊട്ടുന്നതുമൂലം അടിക്കടിയുണ്ടാകുന്ന ജലവിതരണ തടസ്സങ്ങളും റോഡുകൾ കുത്തിപ്പൊളിക്കുന്നത് മൂലമുള്ള സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് ബദൽ സംവിധാനം ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തൊട്ടാകെയുള്ള, വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ സംവിധാനം ഭാവിയിലെ വികസന സാധ്യതകൾ കൂടി കണക്കിലെടുത്ത് പരിഷ്കരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കാസർഗോഡ് നഗരത്തിൽ അമൃത് പദ്ധതി

2865 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിൽ അമൃത് പദ്ധതി പ്രവൃത്തികൾ എത്ര ശതമാനം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് നഗരത്തിലെ എല്ലാ വാർഡുകളിലും അമൃത് പദ്ധതി നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) അമൃത് പദ്ധതിക്ക് കാസർഗോഡ് നഗരത്തിന് ആവശ്യമായ തുക എത്രയാണെന്നും ആയത് എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ;

(ഡി) അമൃത് പദ്ധതിയുടെ ഭാഗമായി കാസർഗോഡ് നഗരത്തിൽ വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>മലയോര മേഖലകളിലെ കുടിവെള്ള ക്ഷാമം</u>

2866 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ പാറശ്ശാല, വെള്ളറട എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലനിൽക്കുന്ന കടുത്ത കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ തനത് പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പാറശ്ശാല പഞ്ചായത്തിലെ നിലവിലുള്ള വണ്ടിച്ചിറ കുടിവെള്ള പദ്ധതി വഴി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിവെള്ളം എത്തിക്കാൻ കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരമായി പദ്ധതി നവീകരിക്കാനോ പുതിയ പദ്ധതികൾ നടപ്പിലാക്കാനോ നിർദ്ദേശമുണ്ടോ;

(സി) വെള്ളറട പഞ്ചായത്തിലെ മലയോര മേഖലകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജലജീവൻ മിഷൻ വഴിയോ മറ്റ് പ്രത്യേക ഫണ്ടുകൾ വഴിയോ പുതിയ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ നിലവിലെ പുരോഗതിയും നീക്കിവച്ച തുകയും എത്രയെന്ന് അറിയിക്കാമോ; വണ്ടിച്ചിറ പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനോ പൈപ്പ് ലൈനുകൾ വിപുലീകരിക്കുന്നതിനോ ആയി നിലവിൽ ഏതെങ്കിലും ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണനയിലുണ്ടോ;

(ഡി) ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായും കേടായ പൈപ്പ്ലൈനുകൾ റിപ്പയർ ചെയ്യുന്നതിനും വിവിധ പി.ഡബ്ല്യു.ഡി, പഞ്ചായത്ത് റോഡുകൾ വെട്ടിപ്പൊളിച്ചശേഷം അവ റിപ്പയർ ചെയ്തു നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ; ഇനിയും റിപ്പയർ ചെയ്യാനുള്ള റോഡുകളുടെ പ്രവൃത്തി എന്നേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് അറിയിക്കാമോ?

## <u>കുടിവെള്ള ക്ഷാമം</u>

2867 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലം ആരംഭിച്ചതോടു കൂടി സംസ്ഥാനത്തിന്റെ പല ഭാഗത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ഈ ഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) വേനൽകാലത്ത് ജല ലഭ്യത ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും ദീർഘകാല പദ്ധതി ആവിഷ്കരിക്കാൻ ആലോചനയുണ്ടോ; വിശദാംശം നൽകുമോ?

## തൃക്കരുവ-പനയം-മൺട്രോതുരുത്ത്-പെരിനാട് സമഗ്ര കുടിവെള്ള പദ്ധതി

2868 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരുവ-പനയം-മൺട്രോതുരുത്ത്-പെരിനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ഘടക പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്നും ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## കുടിവെള്ള ഗുണനിലവാരം

2869 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പദ്ധതികൾ മുഖേന ജലം ലഭിക്കുന്നു എന്നതിന് പുറമേ ജലഗുണനിലവാരം പരിശോധിക്കാൻ സർക്കാർ കൊണ്ടുവന്ന പുതിയ മോണിറ്ററിംഗ് സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കുടിവെള്ള വിതരണ ശൃംഖലയിൽ (പൈപ്പ് ലൈൻ) നടക്കുന്ന ജലനഷ്ടം (നോൺ റവന്യു വാട്ടർ) കുറയ്ക്കാൻ സ്വീകരിച്ച ശാസ്ത്രീയ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് കുടിവെള്ളം ലഭ്യമാക്കുന്നതിന് പുറമെ അതിന്റെ ഗുണനിലവാരം സ്ഥിരമായി ഉറപ്പാക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന നിരീക്ഷണ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## വേമ്പനാട്ടുകായൽ സംരക്ഷണം

2870 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച വേമ്പനാട്ടുകായൽ സംരക്ഷണവുമായി ബന്ധപ്പെട്ട് അരൂർ മണ്ഡലത്തിലെ വേമ്പനാട്ടുകായൽ

പ്രദേശത്ത് ഡ്രഡ്ജിംഗ്, കല്ലുകെട്ട് മുതലായ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഡി.പി.ആർ. നിലവിൽ എവിടെയാണെന്നും ആയതിന് ഭരണാനുമതി ലഭിക്കാതിരിക്കാനുള്ള കാരണവും വിശദമാക്കാമോ?

**കേരള വാട്ടർ അതോറിറ്റിയിലെ ഓവർസിയർ ഗ്രേഡ്-3 യിലേക്കുള്ള ഒഴിവുകൾ**

2871 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഓവർസിയർ ഗ്രേഡ്-3 യിലേക്കുള്ള എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിവരാവകാശ നിയമ പ്രകാരം മറുപടി ലഭിച്ച വിവിധ ജില്ലകളിലെ ഓവർസിയർ ഗ്രേഡ്-3 തസ്തികയിലേക്കുള്ള 113 ൽ പരം ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**വാട്ടർ അതോറിറ്റിയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക**

2872 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിക്ക് നിലവിൽ കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശം തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിറ്റിക്ക് എത്ര ലക്ഷം ഗാർഹിക പൈപ്പ് കണക്ഷനുകളാണുള്ളതെന്നും അതിൽ പ്രവർത്തിക്കാത്ത മീറ്ററുകളുടെ എണ്ണം എത്രയെന്നും ഇതുമൂലം അതോറിറ്റിക്കുള്ള നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ?

**ജലഅതോറിറ്റിയുടെ വൈദ്യുതി ബിൽ**

2873 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ പ്രതിമാസ വൈദ്യുത ബിൽ അതതു മാസം തന്നെ അടയ്ക്കാൻ കഴിയുന്നുണ്ടോ;

(ബി) വൈദ്യുത ചാർജ് ഇനത്തിലുള്ള ചെലവ് കുറയ്ക്കുന്നതിന് സൗരോർജ്ജ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിനായി പുതിയ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**ജലജീവൻ മിഷൻ പദ്ധതിയുടെ കേന്ദ്ര വിഹിതം**

2874 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിലെ കേന്ദ്രസർക്കാർ ബജറ്റിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ബജറ്റ് വിഹിതമായി സംസ്ഥാനത്തിന് വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത വിഹിതത്തിൽ കേന്ദ്രസർക്കാർ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും ഇനി അനുവദിക്കാനുള്ള തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ കേന്ദ്രം ബജറ്റ് വിഹിതം പൂർണമായും അനുവദിക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

## അമൃത് പദ്ധതി പ്രകാരം പൈപ്പുകൾ സ്ഥാപിച്ചശേഷം റീസ്റ്റോറേഷൻ ചെയ്യാനുള്ള റോഡുകൾ

2875 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ജൽജീവൻ മിഷൻ അമൃത് പദ്ധതി പ്രകാരം പൈപ്പുകൾ സ്ഥാപിച്ചശേഷം എത്രറോഡുകൾ പുനസ്ഥാപനം ചെയ്യാനുണ്ട് എന്നും അവ ഏതൊക്കെ എന്നും നഗരസഭ, പഞ്ചായത്തുകൾ തിരിച്ച് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ?

## ജലജീവൻ മിഷൻ, അമൃത് പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിൽ അനുവദിച്ച വാട്ടർ കണക്ഷനുകൾ

2876 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ, അമൃത് പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കായംകുളം നഗരസഭ, വിവിധ പഞ്ചായത്തുകൾ എന്നിവ വഴി അനുവദിച്ച വാട്ടർ കണക്ഷനുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

2877 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിലെ മാട്ടുമലയിൽ വാട്ടർടാങ്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇനിയും ആരംഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ നീക്കി പദ്ധതിയുടെ നിർമ്മാണം ആരംഭിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ

2878 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

**<u>മണലൂർ മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പ്രവൃത്തികൾ</u>**

2879 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ പുരോഗമിച്ച് വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; പ്രസ്തുത ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്നും ഇവ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

**<u>അരൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം</u>**

2880 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി തുറവൂർ-കുത്തിയതോട് പഞ്ചായത്തുകളിലെ പൈപ്പ്-ലൈൻ മാറ്റുന്നതുമായി ബന്ധപ്പെട്ട് 2023-24 ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ ഭരണാനുമതി ലഭിച്ചോ എന്ന് വിശദമാക്കാമോ;

(ബി) ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ ജലജീവൻ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

2881 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര തുക വീതമാണ് പദ്ധതിക്ക് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>ഫിഷറീസ് വകുപ്പിലെ താത്കാലിക നിയമനങ്ങൾ</u>**

2882 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ കരാർ /ദിവസ വേതന അടിസ്ഥാനത്തിൽ എത്ര

താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര നിയമങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പാക്കിയെന്നും മറ്റ് നിയമനങ്ങൾ ഉണ്ടെങ്കിൽ അത് നടത്തിയ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ;

(സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ഈ കാലയളവിൽ എത്ര താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വിശദമാക്കുമോ?

## പാലക്കോട് ഫിഷ് ലാൻഡിങ് സെന്റർ നവീകരണ പദ്ധതി

2883 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട് ഫിഷ് ലാൻഡിങ് സെന്റർ നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പാലക്കോട് ഫിഷ് ലാൻഡിങ് സെന്റർ നവീകരണ പദ്ധതിക്ക് ഭരണാനുമതി നൽകുന്നത് പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ?

## മത്സ്യബന്ധന മേഖലകളിലെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിന് നടപടികൾ

2884 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതവും യന്ത്രവൽകൃതവുമായ മത്സ്യബന്ധന മേഖലകളിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നയപരമായ ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി നടപ്പിലാക്കിയ ശാസ്ത്രീയ നിയന്ത്രണ നടപടികളുടെ നിലവിലെ പുരോഗതി എന്താണെന്ന് അറിയിക്കുമോ;

(സി) ടി.ഇ.ഡി(ടർട്ടിൽ എക്സ്ക്ലൂഡർ ഡിവൈസ്), വി.ടി.ഡി(വെസൽ ട്രാക്കിംഗ് ഡിവൈസ്) തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ നടപടികൾ മൽസ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവിന് എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കാമോ?

## പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും സുരക്ഷയ്ക്കായി നടപടി

2885 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെയും മത്സ്യത്തൊഴിലാളികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി നിലവിലെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവത്കൃത മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## നെയ്യാർ ഡാം റിസർവോയറിലെ കൂട് മത്സ്യകൃഷി

2886 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി ഗ്രാമപഞ്ചായത്തിലെ നെയ്യാർ ഡാം റിസർവോയർ കേന്ദ്രീകരിച്ച് നിലവിൽ നടത്തിവരുന്ന കൂട് മത്സ്യകൃഷി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ എത്ര ഗ്രൂപ്പുകൾ/വ്യക്തികൾ മത്സ്യകൃഷി നടത്തുന്നുണ്ടെന്നും ഇവർക്ക് നൽകിവരുന്ന സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) കൂട് മത്സ്യകൃഷി വിപുലീകരിക്കുന്നതിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ;

(ഡി) വന്യമൃഗശല്യം (പ്രത്യേകിച്ച് മുതലകളുടെ സാന്നിധ്യം) കാരണം കൂട് മത്സ്യകൃഷി നടത്തുന്നവർ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ

2887 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിയ പ്രവൃത്തികളും പദ്ധതികളും എന്തെല്ലാമാണ്; പ്രസ്തുത പ്രവൃത്തികൾക്കും പദ്ധതികൾക്കും അനുവദിച്ച തുക അടക്കമുള്ള വിശദാംശം നൽകാമോ?

## അരൂർ മണ്ഡലത്തിലെ പുനർഗേഹം പദ്ധതി

2888 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് പുനർഗേഹം പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു എന്ന് വിശദമാക്കാമോ?

## പെട്രോൾ എഞ്ചിൻ ബോട്ടുകൾ പ്രോത്സാഹിപ്പിക്കാൻ നടപടി

2889 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിൽ മണ്ണെണ്ണയുടെ ദൗർലഭ്യവും വിലവർധനവും പരിഗണിച്ച് കൂടുതൽ പെട്രോൾ എഞ്ചിൻ ബോട്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## പുനർഗേഹം പദ്ധതി

2890 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സർക്കാർ അനുവദിച്ച വീട് / ഫ്ലാറ്റ്കളിൽ എത്രയെണ്ണം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്; ഇതിനായി ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പദ്ധതികൾ

2891 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും അവയുടെ തൽസ്ഥിതിയും വിശദമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പ് പ്രവൃത്തികൾ

2892 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെ മത്സ്യബന്ധന വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ പേരും തുകയും തൽസ്ഥിതിയും വിശദമാക്കാമോ?

## കായംകുളം പൊഴിയിലെ ഊന്നിവലകളുടെ രജിസ്ട്രേഷൻ പുതുക്കുന്നത് സംബന്ധിച്ച്

2893 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പൊഴിയിൽ ഏകദേശം നൂറ് വർഷമായി പട്ടയത്തോടെ പ്രവർത്തിക്കുന്ന ഊന്നിവലകളുടെ രജിസ്ട്രേഷൻ ഫിഷറീസ് വകുപ്പ് പുതുക്കി നൽകാത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) രജിസ്ട്രേഷൻ പുതുക്കി ലൈസൻസ് ഫീസ് സ്വീകരിക്കാത്തതിനാൽ ഊന്നിവലകളുടെ ഉടമസ്ഥരായ മത്സ്യത്തൊഴിലാളികൾക്ക് സിവിൽ സപ്ലൈസിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ പെർമിറ്റും വിവിധ ആനുകൂല്യങ്ങളും നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കായംകുളം മേഖലയിലെ ഊന്നിവല ഉടമകളും തൊഴിലാളികളും ഈ ഊന്നിവലകളെ ആശ്രയിച്ച് കഴിയുന്നവരും നേരിടുന്ന പ്രതിസന്ധി

പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## ആലപ്പുഴ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള പദ്ധതികൾ

2894 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുള്ള വിവിധ ആനുകൂല്യങ്ങൾ/പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ആലപ്പുഴ മണ്ഡലത്തിലെ എത്രപേർ ഗുണഭോക്താക്കളായി എന്നും ആയത് ഏതൊക്കെ പദ്ധതികൾക്ക് ആണെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## പയ്യന്നൂർ ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം

2895 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയാണെന്നും അതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) പുതിയ കെട്ടിടത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോളേജിന്റെ സ്ഥലപരിമിതി കാരണം പുതിയ കെട്ടിട നിർമ്മാണം വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് ക്ലെയിം പ്രീമിയം തുക

2896 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടം മൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യതൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്ന ക്ലെയിം തുക അഞ്ച് ലക്ഷം രൂപയിൽ നിന്നും പത്ത് ലക്ഷമായി വർധിപ്പിക്കുന്നതിന് അവർ അടക്കുന്ന പ്രീമിയം തുക എത്ര ശതമാനമാണ് വർധിപ്പിച്ചതെന്ന് അറിയിക്കാമോ;

(ബി) അഞ്ച് ലക്ഷം രൂപക്ക് നൽകിയിരുന്ന പ്രീമിയം തുകയുടെ ഇരട്ടിയിലധികം തുക പ്രീമിയം തുകയായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയാണ് വർധനവ് നടപ്പിൽ വരുത്തിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യബന്ധനയാനങ്ങളുടെ വർധിപ്പിച്ച രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ക്ഷേമനിധി വിഹിതവും കുറവ് ചെയ്യണമെന്ന മത്സ്യതൊഴിലാളികളുടെ ആവശ്യം പരിഗണിക്കുമോ?

## മത്സ്യത്തൊഴിലാളികളിൽനിന്നും ലേലകമ്മീഷൻ ഈടാക്കുന്ന നടപടി

2897 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് നൽകുന്ന വായ്പയ്ക്ക് നിശ്ചിത ശതമാനം പലിശ ഈടാക്കുന്നതിനോടൊപ്പം അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന്റെ വിലയിൽ നിന്നും ലേലകമ്മീഷൻ തുകയും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വായ്പ തുകയ്ക്ക് പലിശയും കമ്മീഷനും ഈടാക്കുന്ന പ്രവണത നിയമവിരുദ്ധവും പാവപ്പെട്ട മത്സ്യ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതുമായതിനാൽ പ്രസ്തുത നടപടി പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾക്ക് വായ്പയായി നൽകുന്ന വർക്കിംഗ് ക്യാപ്പിറ്റൽ തുകക്ക് പലിശ ഈടാക്കുന്നതോടൊപ്പം സഹകരണ സംഘം മുഖേന മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ട് വരുന്ന മത്സ്യത്തിന്റെ നിശ്ചിത ശതമാനം ലേലകമ്മീഷനും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഇരട്ട പ്രതിഫലം ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കോവളം നിയോജക മണ്ഡലത്തിലെ പദ്ധതികൾ

2898 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ കോവളം നിയോജക മണ്ഡലത്തിൽ ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

## ഫിഷറീസ് വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ

2899 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോന്നിലും എത്ര മാസത്തെ കുടിശ്ശിക വീതമാണ് നിലവിൽ വിതരണം ചെയ്യാൻ ബാക്കിയുള്ളത്; കണക്കുകൾ ലഭ്യമാക്കുമോ?

## മാതൃകാ മത്സ്യഗ്രാമം പദ്ധതി

2900 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് മത്സ്യഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(സി) മാതൃകാ മത്സ്യഗ്രാമം പദ്ധതിക്കായി ആകെ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; അതിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ഡി) മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ നിർവ്വഹണത്തിനായി ആകെ എത്ര തുകയാണ് ഇതിനോടകം ചെലവഴിച്ചതെന്നും പ്രസ്തുത പദ്ധതി എത്ര വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## <u>അഴീക്കോട് പൊമ്പാനോ ഫിഷ് ഹാച്ചറി പ്രവർത്തനം</u>

2901 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് പൊമ്പാനോ ഫിഷ് ഹാച്ചറിയിൽ പൊമ്പാനോ മത്സ്യത്തിന്റെ വിത്തുല്പാദനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത ഫിഷ് ഹാച്ചറിയിൽ ഉല്പാദിപ്പിക്കുന്ന മത്സ്യകുഞ്ഞുങ്ങളെ റെയറിംഗ് ചെയ്യുന്നതിനായി ആവശ്യമായ ടാങ്കുകളുടെ അപര്യാപ്തത നിലവിലുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി റെയറിംഗിന് അനുയോജ്യമായ അധിക ടാങ്കുകൾ പ്രസ്തുത ഹാച്ചറിയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ ഹാച്ചറിയിൽ ഉല്പാദിപ്പിക്കുന്ന മത്സ്യകുഞ്ഞുങ്ങളെ മറ്റ് സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്നതടക്കം വിപുലമായ വിപണന സാധ്യതകൾ സൃഷ്ടിക്കാൻ കഴിയുമെന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

## <u>ഫിഷറീസ് വകുപ്പിന്റെ ധനവിനിയോഗം</u>

2902 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഫിഷറീസ് വകുപ്പിന്റെ ധനവിനിയോഗത്തിൽ അഴിമതി നടന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെയാണെന്നും അവ ഏതൊക്കെ പദ്ധതികളിൽ ഏതൊക്കെ രീതിയിൽ നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

## <u>ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നൽകിയിട്ടുള്ള പരസ്യങ്ങൾ</u>

2903 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## വൈപ്പിനിലെ ഓഷ്യനേറിയം പദ്ധതി

2904 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ ഓഷ്യനേറിയം പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ ബജറ്റിലും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി

2905 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കുന്ന ഒരു ജനവിഭാഗമെന്ന നിലയിൽ മത്സ്യത്തൊഴിലാളികൾക്ക് വളരെ ആശ്വാസമായ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ 2025 വരെയുള്ള വിവിധ കടാശ്വാസ അപേക്ഷകൾ സ്വീകരിച്ചു നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

2906 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫിഷറീസ് വകുപ്പിന് കീഴിൽ എത്ര പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; ഇതുവഴി എത്ര മത്സ്യത്തൊഴിലാളികൾക്ക് നേരിട്ടും

പരോക്ഷമായും ഗുണം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ ഫിഷറീസ് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് ലഭ്യമാണോ; അറിയിക്കുമോ;

(സി) ഇൻലാൻഡ് ഫിഷറീസ് മേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ മൂലം മത്സ്യോൽപ്പാദനത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ?

## <u>മത്സ്യത്തൊഴിലാളികളുടെ നീല സമ്പദ്‌വ്യവസ്ഥ നയത്തിലെ പങ്കാളിത്തം</u>

2907 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമുദ്രസമ്പത്ത് വിദേശ കപ്പലുകൾ കൊള്ളയടിക്കുന്നത് തടയാൻ രൂപീകരിച്ച കോസ്റ്റൽ സർവൈലൻസ് യൂണിറ്റുകൾ ആധുനികവൽക്കരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 'നീല സമ്പദ്‌വ്യവസ്ഥ'നയത്തിൽ ലഭിക്കേണ്ട പങ്കാളിത്തത്തെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) വിദേശ ട്രോളറുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകുന്ന കേന്ദ്ര നയത്തിനെതിരെ സ്വീകരിച്ച നിയമപരമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>വർക്കല മണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പ് പദ്ധതികൾ</u>

2908 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലയളവിൽ മത്സ്യബന്ധന വകുപ്പ് വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിലേക്കായി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) മത്സ്യബന്ധന വകുപ്പ് മുഖേന വർക്കല മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>ജിയോട്യൂബ് ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി</u>

2909 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ വികസനത്തനായി 2025-26 ബജറ്റിൽ പ്രഖ്യാപിച്ച 100 കോടി രൂപയുടെ ജിയോട്യൂബ് ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാതൃകാപഠന റിപ്പോർട്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി സമർപ്പിച്ചിട്ടുണ്ടോ;

(സി) കടലാക്രമണത്താൽ വൈപ്പിൻ ജനത അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത മാതൃകാ പഠന റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാനും തുടർനടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാനും നടപടി സ്വീകരിക്കുമോ?

## തിരൂർ മണ്ഡലത്തിലെ തീരദേശ റോഡുകൾ

2910 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ തീരദേശ റോഡുകൾ എതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി പൂർത്തീകരിച്ച റോഡുകൾ, പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകൾ എന്നിവ എതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കേണ്ട തീരദേശ റോഡുകൾ ഏതെങ്കിലും ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാമോ;

(ഡി) മണ്ഡലത്തിൽ പുതിയതായി തീരദേശ റോഡുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ നിലവാരമുയർത്തുന്നതിനും ഫണ്ട് നീക്കി വെച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

## മത്സ്യഫെഡിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

2911 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആകെ എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(സി) മത്സ്യഫെഡിൽ ആകെ എത്ര അംഗീകൃത തസ്തികകളാണ് നിലവിലുള്ളതെന്ന് തസ്തികയും എണ്ണവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) മത്സ്യഫെഡിൽ ആകെ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് തസ്തിക, ജീവനക്കാരുടെ എണ്ണം, താൽക്കാലികം, സ്ഥിരം, കോൺട്രാക്ട് എന്നിങ്ങനെ തരംതിരിച്ച കണക്ക് ലഭ്യമാക്കുമോ;

(ഇ) മത്സ്യഫെഡിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാണോ നടത്തേണ്ടതെന്ന് അറിയിക്കുമോ; പി.എസ്.സി. മുഖേന അല്ലാതെ നിയമനം നടത്താൻ കഴിയുന്ന തസ്തികകളുണ്ടെങ്കിൽ അവയുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

## മത്സ്യഫെഡിന്റെ പ്രവർത്തനം

2912 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.01.2026 തീയതി പ്രകാരം മത്സ്യഫെഡിൽ സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരുടെയും താത്കാലിക ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) താത്കാലിക ജീവനക്കാരിൽ എത്ര പേരെ സ്ഥിരപ്പെടുത്തുന്നതിനാണ് നടപടികൾ ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) മത്സ്യഫെഡിലെ ജീവനക്കാർ നടത്തിയ പണാപഹരണവുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളത്; ഈ കേസുകളിലുൾപ്പെട്ട ജീവനക്കാരുടെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) എത്ര കോടി രൂപയാണ് ഈയിനത്തിൽ നഷ്ടപെട്ടത്; ഇതിൽ എത്ര രൂപ തിരികെ ലഭിച്ചു; കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ഇ) മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളും ലാഭനഷ്ട കണക്കുകളും ലഭ്യമാക്കാമോ?

## <u>കുറ്റ്യാടി മണ്ഡലത്തിൽ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കാൻ പദ്ധതികൾ</u>

2913 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി 2021 മെയ് മാസം മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത് വഴി മത്സ്യ ഉൽപാദനം വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കൊല്ലം മണ്ഡലത്തിലെ ഫിഷ് മാർക്കറ്റ് നവീകരണ പ്രവൃത്തി</u>

2914 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ഫിഷ് മാർക്കറ്റ് നവീകരണ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## <u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമ വികസന പദ്ധതികൾ</u>

2915 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ വി ജോയി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ കഴിഞ്ഞ അഞ്ച് വർഷം നടപ്പിലാക്കിയ സമഗ്ര ക്ഷേമ വികസന പദ്ധതികൾ ഏതൊക്കെയാണ്; ഈ പദ്ധതികളുടെ ഫലമായി മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും സാമൂഹ്യ സുരക്ഷയിലും ഉണ്ടായ മുന്നേറ്റങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സുസ്ഥിര മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ സമീപനങ്ങൾ അടിസ്ഥാനമാക്കി സ്വീകരിച്ച പ്രായോഗിക ഇടപെടലുകൾ എന്തെല്ലാമാണ്; ഇവ മത്സ്യസമ്പത്ത് സംരക്ഷണത്തിനും ദീർഘകാല മത്സ്യബന്ധനത്തിലും എത്രത്തോളം സഹായകരമായിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) മത്സ്യസംസ്കരണ മേഖലയെ ആധുനികവൽക്കരിച്ച് മൂല്യവർദ്ധനവ് ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## <u>തിരൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ</u>

2916 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി തീരദേശ വേലിയേറ്റരേഖയ്ക്ക് 50 മീറ്ററിനുള്ളിലുള്ളവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി, സമ്പാദ്യ സമാശ്വാസം പദ്ധതി, വിദ്യാഭ്യാസ ധനസഹായം പദ്ധതി, വിദ്യാതീരം പദ്ധതി, മാതാപിതാക്കൾ മരിച്ചുപോയ കുട്ടികളുടെ ദത്തെടുക്കൽ പദ്ധതി, പ്രതിഭാ തീരം പദ്ധതി, മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവയിൽ ഉൾപ്പെടുത്തുന്നതിനായി 2021 മുതൽ ലഭിച്ച അപേക്ഷകളുടെ എണ്ണം, ഈ പദ്ധതികളിൽ ഉൾപ്പെടുത്തിയവരുടെ എണ്ണം, ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എന്നീ വിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ; ബാക്കിയുള്ള അപേക്ഷകളിൽ തീരുമാനമെടുത്ത് ഇവരെക്കൂടി പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കടൽക്ഷോഭം കാരണം നാശനഷ്ടം ഉണ്ടായ മത്സ്യത്തൊഴിലാളികളിൽ നഷ്ടപരിഹാരത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം, നഷ്ടപരിഹാരം ലഭിച്ചവരുടെ എണ്ണം, നഷ്ടപരിഹാരമായി നൽകിയ തുക എന്നീ വിവരങ്ങൾ എത്രയാണെന്ന് 2021 മുതൽ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ; ബാക്കിയുള്ള അപേക്ഷകളിൽ തീരുമാനമെടുത്ത് ഇവർക്ക് കൂടി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ</u>

2917 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 20 മീറ്ററിലധികം നീളമുള്ള മത്സ്യബന്ധനയാനങ്ങളും അനുബന്ധ ഉപകരണങ്ങളും സംസ്ഥാന സർക്കാരിന്റെ യാനങ്ങൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയിൽ

ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) മത്സ്യഫെഡിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും സംഘമായി വായ്പ എടുത്ത് യാനങ്ങൾ വാങ്ങി മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടലാക്രമണവും മറ്റും മൂലം നാശനഷ്ടം ഉണ്ടാകുമ്പോൾ ഭീമമായ തുക ബാധ്യത വരുന്നത് ഒഴിവാക്കാൻ 20 മീറ്ററിലധികം നീളമുള്ള യാനങ്ങളും അനുബന്ധ ഉപകരണങ്ങളും സർക്കാരിന്റെ യാനങ്ങൾ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

## മത്സ്യഗ്രാമങ്ങളിലെ വീടുകൾ പുനർ നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

2918 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ മത്സ്യഗ്രാമങ്ങളിൽ കാലവർഷത്തെ തുടർന്ന് വീടുകൾ നഷ്ടമായവർക്ക് വീടുകൾ പുനർ നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികൾ

2919 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

## വർക്കല മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

2920 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന വർക്കല മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്നും ആയതിലേക്ക് അനുവദിച്ച തുകയെത്രയെന്നും വിശദമാക്കാമോ;

(ബി) മേൽ പറഞ്ഞ ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ?

## കുറ്റ്യാടി നിയോജക മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിങ് വിഭാഗത്തിന്റെ പദ്ധതികൾ

2921 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ഇതുവരെയായി ഹാർബർ എഞ്ചിനീയറിങ് വിഭാഗത്തിന്റെ നേതൃത്വത്തിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് പദ്ധതിയുടെ അടങ്കൽ തുകയും പുരോഗതിയും സഹിതം വിശദമാക്കാമോ?

## നീലേശ്വരം തൈക്കടപ്പുറം മത്സ്യബന്ധന തുറമുഖ നിർമ്മാണം

2922 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിലെ നീലേശ്വരം തൈക്കടപ്പുറം മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി കേന്ദ്രസർക്കാർ പദ്ധതിയിൽപ്പെടുത്തി പ്രപ്പോസൽ സമർപ്പിച്ചിരുന്നതിന് എപ്പോൾ അനുമതി കിട്ടുമെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് മത്സ്യബന്ധന തുറമുഖ നിർമ്മാണം

2923 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര രൂപ ചെലവഴിച്ചാണ് ഈ തുറമുഖം നിർമ്മിക്കുന്നതെന്നും ഇതിനാവശ്യമായ ഫണ്ടിന്റെ സ്രോതസ്സ് ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി തുടങ്ങിയതെപ്പോഴാണെന്നും അനന്തമായി നീണ്ടു പോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുറമുഖം എപ്പോൾ നാടിന് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) ടി തുറമുഖത്ത് മിനി ലോ-ലെവൽ ജെട്ടി നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

## ഹേമ കമ്മിറ്റി റിപ്പോർട്ടും വേതന സുരക്ഷ

2924 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം സിനിമാ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ പഠിച്ച ഹേമ കമ്മിറ്റി റിപ്പോർട്ടിന് ശേഷം രൂപീകരിച്ച 'സിനിമാ നയത്തിൽ' ജൂനിയർ ആർട്ടിസ്റ്റുകളുടെ വേതന സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## സാംസ്കാരിക വകുപ്പിന് കീഴിലുള്ള അക്കാദമികളിലെ അഴിമതി ആരോപണങ്ങൾ

2925 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിലുള്ള അക്കാദമികളിലെ അഴിമതി ആരോപണങ്ങൾ അന്വേഷിക്കാൻ രൂപീകരിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## വടക്കാഞ്ചേരി കൾച്ചറൽ കൺവെൻഷൻ സെന്റർ

2926 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി കൾച്ചറൽ കൺവെൻഷൻ സെന്റർ പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## സിനിമാ മേഖലയിൽ പോഷ് ആക്ട്-2013 പ്രകാരമുള്ള ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി രൂപീകരണം

2927 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ കൊച്ചിയിൽ നടി ആക്രമിക്കപ്പെട്ട കേസിനും ഹേമ കമ്മിറ്റി റിപ്പോർട്ടിനും ശേഷം മലയാള സിനിമാ മേഖലയിൽ വീണ്ടും പരാതികൾ ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിനിമാ കോൺക്ലേവ് നടക്കുകയും നയരൂപീകരണത്തിന് നടപടികൾ സ്വീകരിക്കുകയും ചെയ്തതിനുശേഷവും രാജ്യാന്തര ചലച്ചിത്ര മേളയുടെ മുന്നോടിയായി നടന്ന ഡോക്യുമെന്ററി സ്ക്രീനിംഗിനെത്തിയ സംവിധായകയെ നിർമ്മാതാവും സംവിധായകനും രാഷ്ട്രീയപ്രവർത്തകനുമായ വ്യക്തി അധിക്ഷേപിച്ചുവെന്ന പരാതി പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ;

(സി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) രാജ്യാന്തര ചലച്ചിത്ര മേളകൾ ഉൾപ്പെടെയുള്ള മേഖലകളിൽ ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റികൾ നിലവിലുണ്ടോ; സംസ്ഥാനത്തെ സിനിമ മേഖലയിൽ പോഷ് ആക്റ്റ്-2013 ശക്തമായി നടപ്പാക്കാൻ കഴിയാത്തതാണോ ഇത്തരക്കാർക്കെതിരെ ശക്തമായ നടപടികൾ എടുക്കുന്നതിന് തടസ്സമാകുന്നത്;

(ഇ) ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി ഉണ്ടായിരുന്നുവെങ്കിൽ പ്രസ്തുത സംഭവം തടയപ്പെടുന്നതിനും നേരത്തേ തന്നെ പരാതി നൽകുന്നതിനും ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും കഴിയുമായിരുന്നുവെന്ന് പരാതിക്കാരി പറഞ്ഞത് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) സിനിമ മേഖലയിൽ ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ജി) ഈ മേഖലയിലെ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, സ്ത്രീ സുരക്ഷ, ലിംഗനീതി, തൊഴിൽ കരാറുകൾ, വേതനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശക്തമായ നിയമനിർമ്മാണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടും തുടർ നടപടികൾ

2928 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശിപാർശകളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'നല്ല സിനിമ നല്ല നാളെ' എന്ന

ആപ്തവാക്യവുമായി ഏറെ മുന്നൊരുക്കങ്ങൾക്ക് ശേഷം നടത്തിയ സിനിമാ കോൺക്ലേവിൽ ഉയർന്നു വന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ സിനിമാ നയം രൂപീകരിച്ചിരുന്നോ;

(ബി) ഹേമ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച തീയതി, സിനിമാ കോൺക്ലേവ് നടന്ന തീയതി എന്നിവ അറിയിക്കാമോ;

(സി) മലയാള ചലച്ചിത്ര മേഖലയിലെ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പുതിയ നിയമനിർമ്മാണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) സിനിമ മേഖലയിലെ പരാതികൾ പരിഹരിക്കുന്നതിനായി ഒരു സ്ഥിരം സംവിധാനമോ (ട്രൈബ്യൂണൽ) പ്രത്യേക സെല്ലോ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) മലയാള സിനിമ മേഖലയിലെ തൊഴിൽ കരാറുകൾ, വേതനം, അടിസ്ഥാന സൗകര്യങ്ങൾ, സിനിമാ മേഖലയിൽ സ്ത്രീകൾ അനുഭവിക്കുന്ന സുരക്ഷാ പ്രശ്നങ്ങൾ, ലിംഗ നീതി, സുരക്ഷിതമായ താമസം, ശുചിമുറി തുടങ്ങി ഡബ്ല്യൂ. സി. സി. പോലുള്ള സംഘടനകൾ ഉന്നയിച്ചിട്ടുള്ള വിവിധ വിഷയങ്ങളിൽ പരിഹാരമുണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നയരൂപീകരണത്തിലോ നിയമ നിർമ്മാണത്തിലോ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ചലച്ചിത്ര നയരൂപീകരണവും നിയമനിർമ്മാണവും എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

## ശ്രീ. ചട്ടമ്പി സ്വാമികളുടെ സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ

2929 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ പള്ളിച്ചൽ വില്ലേജിൽ ശ്രീ. ചട്ടമ്പി സ്വാമികളുടെ സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര ഭൂമിയാണ് ഏറ്റെടുത്തത്; ഇതിനായി ആകെ എത്ര തുകയാണ് ചെലവായിട്ടുള്ളത്; വിശദമാക്കാമോ;

(സി) പ്രസ്തുത സ്മാരകം നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചത്; ആയതിന്റെ നിലവിലെ സ്ഥിതിയും തുടർ നടപടികളും വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് മുഖേന പ്രവർത്തനങ്ങൾ

2930 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ സാംസ്കാരിക വകുപ്പ് മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## പരസ്യങ്ങളുടെ വിശദാംശം

2931 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വിവരം ലഭ്യമാക്കാമോ?

## <u>ഗിരീഷ് പുത്തഞ്ചേരി സ്മാരക മന്ദിരം</u>

2932 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ സിനിമാ ഗാന രചയിതാവും തിരക്കഥാകൃത്തുമായിരുന്ന ഗിരീഷ് പുത്തഞ്ചേരിയുടെ ഓർമ്മയ്ക്കായി സാംസ്കാരിക വകുപ്പിന്റെ കീഴിൽ സ്മാരക മന്ദിരം നിലവിലില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗിരീഷ് പുത്തഞ്ചേരിയുടെ സ്മരണ നിലനിർത്തുന്നതിനായി ഒരു മ്യൂസിക് പഠന ഗവേഷണകേന്ദ്രം സ്ഥാപിക്കുമോ; വ്യക്തമാക്കാമോ?

## <u>മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടത്തിയ വിവിധ പദ്ധതികൾ</u>

2933 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 മുതൽ നാളിതുവരെ സാംസ്കാരിക വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ വിവിധ പദ്ധതികൾ മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കെ.ജി സുബ്രഹ്മണ്യൻ സാംസ്കാരിക കേന്ദ്രം</u>

2934 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത ചിത്രകാരൻ കെ. ജി. സുബ്രഹ്മണ്യന്റെ സ്മരണാർത്ഥം ജന്മനാടായ കൂത്തുപറമ്പിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## <u>തരൂർ നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന പദ്ധതികൾ/ഗ്രാൻഡ്</u>

2935 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പ് മുഖേന തരൂർ നിയോജക മണ്ഡലത്തിൽ 2021 മുതൽ 2025 വരെയുള്ള കാലയളവിൽ പദ്ധതികൾ/ഗ്രാൻഡ് ഇനങ്ങളിലായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) 2016 മുതൽ 2020 വരെ എത്ര രൂപയാണ് സാംസ്കാരിക വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>സാംസ്കാരിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ</u>**

2936 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക ക്ഷേമനിധിയിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കലാകാരന്മാരെയാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വിഭാഗത്തെ ഉൾപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്നും എന്തുകൊണ്ടാണെന്നും വിശദമാക്കുമോ;

(സി) സാംസ്കാരിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ബഡ്ജറ്റിൽ എന്ത് തുക നീക്കിവച്ചിട്ടുണ്ടെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

**<u>സാംസ്കാരിക വികസനവും പൈതൃക സംരക്ഷണവും</u>**

2937 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാംസ്കാരിക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) അന്യം നിന്നു പോകുന്ന ജനകീയ കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി 2021 മുതൽ 2026 വരെ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകം ഡിജിറ്റൽ രീതിയിൽ സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**<u>നിലമ്പൂർ പാട്ടുത്സവിന് പ്രാദേശിക അവധി</u>**

2938 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപത് വർഷങ്ങളായി നിലമ്പൂരിൽ നടക്കുന്ന മഹാടൂറിസം ഫെസ്റ്റിവൽ ആയ പാട്ടുത്സവ് ജന പങ്കാളിത്തം കൊണ്ട് മലബാറിലെ ഒരു പ്രധാന ഉത്സവമായി മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാട്ടുത്സവിന് പ്രാദേശിക അവധി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കയ്യൂർ രക്തസാക്ഷി സ്മാരക നിർമാണം

2939 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂരിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഉജ്ജ്വല അധ്യായം കുറിച്ച കയ്യൂർ രക്തസാക്ഷികൾക്കായി ആരംഭിച്ച കയ്യൂർ സ്മാരക പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## വർക്കല മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ

2940 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വർക്കല മണ്ഡലത്തിലെ ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് സ്ഥാപനങ്ങളുടെ പേര് ഉൾപ്പെടെ വിശദമാക്കാമോ?

## ഗൗരിയമ്മ സ്മാരക നിർമ്മാണം

2941 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ കാലയളവിൽ ആലപ്പുഴ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) ആലപ്പുഴ ഗൗരിയമ്മ സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഗൗരിയമ്മ സ്മാരക നിർമ്മാണം വേഗത്തിൽ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## പുതുമുഖ സംവിധായകർക്ക് ലഭ്യമാക്കുന്ന സഹായങ്ങൾ

2942 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുമുഖ സംവിധായകർക്ക് സിനിമ ചിത്രീകരിക്കുന്നതിന് സർക്കാർ നേരിട്ടോ മറ്റേതെങ്കിലും ഏജൻസികൾ വഴിയോ ലഭ്യമാക്കുന്ന സഹായങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ സഹായം ലഭ്യമാക്കുന്ന ചലച്ചിത്രങ്ങളുടെ പകർപ്പവകാശം സംബന്ധിച്ച് എന്തെങ്കിലും പ്രത്യേക നിബന്ധനകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ പത്ത് വർഷക്കാലത്തിനുള്ളിൽ ഇത്തരത്തിൽ ലഭ്യമാക്കിയ സഹായങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**ആമ്പല്ലൂർ തീയേറ്റർ സമുച്ചയ നിർമ്മാണം**

2943 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന ആമ്പല്ലൂർ തിയേറ്റർ സമുച്ചയ നിർമ്മാണം നിലച്ചിട്ട് ഏറെ മാസങ്ങൾ പിന്നിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണപൂർത്തീകരണത്തിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്നും നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**കലാ-സാംസ്കാരിക ബോധം വളർത്തുന്നതിനായി സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ**

2944 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവതലമുറയിൽ കലാ-സാംസ്കാരിക ബോധം വളർത്തുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കലോത്സവങ്ങൾ, സാംസ്കാരിക മേളകൾ എന്നിവയുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തിന്റെ ടൂറിസം മേഖലക്ക് ലഭിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(സി) സാംസ്കാരിക മേഖലയിലെ സ്ത്രീകളുടേയും പിന്നാക്ക വിഭാഗങ്ങളുടേയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**യുവജനകാര്യ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

2945 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനകാര്യ വകുപ്പ് മുഖേന ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

**യുവജനക്ഷേമ വകുപ്പ് മുഖേന മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ**

2946 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പിലെ ഫണ്ട് ഉപയോഗിച്ച് മലപ്പുറം ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

**യൂത്ത് വെൽഫയർ ബോർഡിൽ ജോലി ചെയ്യുന്ന താത്കാലിക കരാർ ജീവനക്കാർ**

2947 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് വെൽഫയർ ബോർഡിൽ ജോലി ചെയ്യുന്ന താത്കാലിക കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ഉണ്ടെങ്കിൽ ഇത് നിയമപ്രകാരം ആണോ എന്ന് വ്യക്തമാക്കാമോ; ഫയൽ നമ്പർ ഇ1 4159/19/വൈ. ഡബ്ല്യൂ. ബി. ന്റെ പകർപ്പ് ലഭ്യമാക്കാമോ?

**പയ്യന്നൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

2948 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ ഇതുവരെ യുവജനകാര്യ വകുപ്പിന്റെ കീഴിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും തുകയും അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**മലപ്പുറം മണ്ഡലത്തിലെ യുവജന ക്ഷേമ ബോർഡിന്റെ പദ്ധതികൾ**

2949 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ യുജന ക്ഷേമ ബോർഡ് വഴി ഈ സർക്കാരിന്റെ കാലയളവിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാം; വിശദീകരിക്കാമോ;

(ബി) നിലവിൽ നടപ്പിലാക്കി വരുന്ന ഓരോ പദ്ധതിയുടെയും പുരോഗതിയുടെയും വിശദാംശം ലഭ്യമാക്കുമോ; ഈ സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും പ്രോഗ്രാമുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ വൻതോതിലുള്ള ഉപയോഗവും കുറ്റകൃത്യങ്ങളുടെ എണ്ണവും കുറയ്ക്കുന്നതിനായി യുവജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും മലപ്പുറം ജില്ലാ ആസ്ഥാനത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**കല്ല്യാശ്ശേരി മണ്ഡലത്തിലെ യുവജനകാര്യ വകുപ്പ് പദ്ധതികൾ**

2950 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ യുവജനകാര്യ വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ

പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

## യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം

2951 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന് കിഴിൽ സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകളിലും നഗരസഭകളിലും പ്രവർത്തിക്കുന്ന യൂത്ത് കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം കുടിശ്ശിക ഉള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യൂത്ത് കോ-ഓർഡിനേറ്റർമാർക്ക് എത്ര മാസത്തെ ഓണറേറിയം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഓണറേറിയം കുടിശ്ശിക ഉൾപ്പടെ നൽകുന്നതിന് നടപടി സ്വികരിക്കുമോ;

(സി) ഓണറേറിയം സമയബന്ധിതമായി കൊടുക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കുമോ;

(ഡി) ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

## യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ

2952 **ശ്രീമതി സി. കെ. ആശ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം ആശയങ്ങൾ പ്രവൃത്തിപഥത്തിലേക്ക് പരിവർത്തനം ചെയ്യുന്ന തരത്തിൽ സാമൂഹിക ഉത്തരവാദിത്തമുള്ളവരാക്കി യുവാക്കളെ മാറ്റേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിലെ യുവജനങ്ങളെ സാമ്പത്തികമായി ഉല്പാദനക്ഷമതയുള്ളവരും സ്വന്തം ആശയങ്ങളെ പ്രവൃത്തിപഥത്തിൽ എത്തിക്കുന്നവരുമാക്കി മാറ്റുന്നതിന് യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി യുവജനങ്ങളുടെ നൈപുണ്യശേഷി വികസനത്തിന് ശക്തമായ ഊന്നൽ ഈ പദ്ധതിയിൽ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) നൈപുണ്യ വികസനത്തോടൊപ്പം അവരുടെ കായിക മാനസികശേഷി മെച്ചപ്പെടുത്തുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## യുവജനക്ഷേമ പദ്ധതികൾ

2953 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനക്ഷേമ വകുപ്പ് മുഖേന യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനോ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനോ പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിൽ യുവജനകാര്യവകുപ്പ് മുഖേന നടത്തുന്ന പദ്ധതികൾ</u>**

2954 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് യുവജനകാര്യവകുപ്പ് മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>യുവാക്കളുടെയും കുട്ടികളുടെയും ആത്മഹത്യാ പ്രവണത തടയുന്നതിന് നടപടി</u>**

2955 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവാക്കളിലും കുട്ടികളിലും ആത്മഹത്യാ പ്രവണത വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇത് കുറച്ച് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിനായി കേരളത്തിലെ യുവാക്കളുടെയും കുട്ടികളുടെയും മാനസികശേഷി വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
17-02-2026

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].